2026
മാർച്ച്

# സ്നേഹദീപം



സെന്റ് മേരീസ് ഫൊറോന ചർച്ച്, ചാലക്കുടി
പാരിഷ് ബുള്ളറ്റിൻ




CUCKOOS NEST
MONTESSORI PRE SCHOOL & DAY CARE FOR KIDS
Nirmala College Road, Near DySP Office
Chalakudy, Thrissur-680307
1
2
3
8113948949
9846451144


CLUB DAFFODILS
Love and Care @ Home Extended
A Seenagers Hub - The Shell of Happiness
Contact for Enquiries : 9447061212

## കമ്മിറ്റി

മാനേജിങ്ങ് എഡിറ്റർ
**ഫാ. വർഗ്ഗീസ് പാത്താടൻ**
9447049106

ബുള്ളറ്റിൻ ഇൻ ചാർജ്ജ്
**ഫാ.ആൽബിൻ പുതുശ്ശേരി**
8157914917

അസി. മാനേജിങ്ങ് എഡിറ്റേഴ്സ്
**ഫാ.ജോയേൽ പുല്ലേലി**
8943897024

**ഫാ.സിന്റോ പൊഴോലിപറമ്പിൽ**
9995823124

എക്സ് ഒഫിഷ്യോ
**കൈക്കാരൻമാർ**

ചീഫ് എഡിറ്റർ
**ഡോ. സിജു മോട്ടാപ്പിള്ളി**

സബ് എഡിറ്റേഴ്സ്
**ആനി ഫെയ്ത്ത്**
**ഡോ. ബിബു ജോൺ**
**റോണി തോമസ്**
8870000738

സെക്രട്ടറി
**ജോബി ആളൂക്കാരൻ**
9446735008

ട്രഷറർ
**റിജോയ് മൽപാൻ**

സർക്കുലേഷൻ
**പൗലോസ് ഇടപ്പിള്ളി**
**ജോഫി പുളിക്കൻ**

അഡ്വർടൈസ്മെന്റ്
**ജെയ്ഫൻ മാനാടൻ**
9495974073

ഓഡിറ്റേഴ്സ്
**അഗസ്റ്റിൻ മുണ്ടമാണി**
**ജോയ് പുല്ലുക്കര**

Private Circulation Only




# സ്നേഹദീപം


## പാരിഷ് ബുള്ളറ്റിൻ

**സെന്റ് മേരീസ് ഫൊറോന പള്ളി, ചാലക്കുടി-680307**
**ഫോൺ: 0480 2701614**


## താളുകൾ മറിയുമ്പോൾ


11 മിഷൻ ഡയറീസ്
15 വിശുദ്ധ യൗസേപ്പിതാവ്
19 ഫാ. തെയോഫിൻ പാണ്ടിപ്പിള്ളി
21 നോമ്പ്
23 സ്നേഹസംഗമം 2026
25 വചനചിന്ത
28 വാർത്തകൾ
36 കുടുംബകൂട്ടായ്മകൾ



FEDERAL BANK
YOUR PERFECT BANKING PARTNER


This QR can accept payments from all apps

**സ്നേഹദീപം അക്കൗണ്ടിലേയ്ക്ക് പണമയയ്ക്കാൻ :**

Snehadeepam
Account No. 10050100508202
Federal Bank Chalakudy Branch
IFSC Code : FDRL0001005

Full page colour - 3,000 Full page B & W - 1,400
Half page colour - 1,750 Half page B & W - 750
Thanksgiving - 250


**സഹനം** 'Suffering'



# എഡിറ്റോറിയൽ

## LENT

നല്ലത് മാത്രമേ കാണാവൂ, നല്ലത് മാത്രമേ കേൾക്കാവൂ, നല്ലത് മാത്രമേ ചെയ്യാവൂ, നല്ലത് മാത്രമേ പറയാവൂ, മറ്റൊന്നും മറ്റുള്ളവർക്ക് ഇഷ്ടമാകില്ല എന്നത് കൊണ്ട് തന്നെ അഭിനന്ദനങ്ങളും, ശുഭാപ്തി വിശ്വാസവും, പോസിറ്റീവായ ചിന്താഗതിയും വേണമെന്ന് എപ്പോഴും നമ്മൾ കേൾക്കുന്നു.

സുഭാഷിതങ്ങൾ 16:24 – ഹൃദ്യമായ വാക്ക് തേനറ പോലെയാണ്. അത് ആത്മാവിനു മധുരവും ശരീരത്തിന് ആരോഗ്യപ്രദവുമാണ്.

നൊയമ്പ് കാലത്തിനെ Lent Period എന്ന് വിളിക്കുന്നു. അതിലെ L നെ Leave എന്നും e യ്ക്ക് every എന്നും n - Negative നെഗറ്റീവ് എന്നും T ക്ക് Thoughts എന്നും വായിച്ചാൽ. നൊയമ്പ് കാലത്ത് നമ്മൾക്ക് Leave Every Negative Thoughts എന്ന് വായിക്കാം. കുഞ്ഞൻ കൊതുക് തന്റെ ആദ്യത്തെ യാത്ര കഴിഞ്ഞു തിരിച്ചു വന്നപ്പോൾ മാതാപിതാക്കൾ ചോദിച്ചു: ആദ്യയാത്ര എങ്ങനെയുണ്ടായിരുന്നു എന്ന്. അത് പറഞ്ഞു അതിമനോഹരമായിരുന്നു, ഞാൻ പറക്കുമ്പോഴെല്ലാം ഒട്ടേറെപ്പേർ പ്രോത്സാഹിപ്പിച്ച് കയ്യടിക്കുന്നുണ്ടായിരുന്നു. അച്ഛൻ പറഞ്ഞു: നിനക്കു തെറ്റി അവരെല്ലാം നിന്നെ കൊല്ലാൻ നോക്കുകയായിരുന്നു. കയ്യടി കൂടുതൽ കിട്ടിയപ്പോഴെല്ലാം നീ കൊല്ലപ്പെടാനുള്ള സാധ്യതയും കൂടുതലായിരുന്നു.

എല്ലാ കയ്യടികളും അഭിനന്ദങ്ങളല്ല എന്ന് തിരിച്ചറിയാനുള്ള വിവേകം നമ്മൾക്ക് ഉണ്ടാകണം. ഒപ്പം നടന്ന് ആഘോഷിക്കുന്നവരെല്ലാം ആത്മമിത്രങ്ങളല്ല. ആൾക്കൂട്ടത്തിനിടയിൽ ആരുടെയും യഥാർത്ഥ സ്വഭാവം തിരിച്ചറിയാൻ സാധിക്കില്ല. ആരാണ് ശരിയെന്നോ ആരാണ് തെറ്റ് എന്നോ കണ്ടെത്താനാകില്ല. എല്ലാവർക്കും അവരുടേതായ ചിന്തകളുണ്ട്, ലക്ഷ്യങ്ങളുണ്ട്. എല്ലാവരും തങ്ങളുടെ ജീവിതം സുഗമമാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒരാൾക്കും മറ്റൊരാളെ വിധിക്കാനോ പറഞ്ഞു ഉപദേശിച്ചു ശരിയാക്കാനോ സാധിക്കില്ല. പക്ഷെ കുഞ്ഞൻ കൊതുക് പറഞ്ഞപോലെ അതിമനോഹരമായ ഒരു യാത്ര കാഴ്ചവയ്ക്കാൻ ഓരോരുത്തരും പരിശ്രമിക്കുമ്പോൾ എല്ലാ പ്രവർത്തികളും ആസ്വദിച്ച് തിരിച്ച് വരാൻ സാധിക്കും.

ഈ നോമ്പ് കാലത്ത് നല്ലത് ഏത് മോശം ഏത് എന്ന് വിവേചിച്ചറിയാൻ ഉള്ള ഒരു മനസ്സ് പാകപ്പെടുത്തിയെടുക്കുവാൻ നമ്മൾക്കുവേണ്ടി മരിച്ച യേശുവിനോട് പ്രാർത്ഥിക്കാം. ഉപവസിച്ച്, നോമ്പെടുത്ത്, വചനങ്ങൾ വായിച്ച് യേശുവിലേക്ക് കൂടുതൽ അടുക്കാനുള്ള ദിനങ്ങൾ ആകട്ടെ മാർച്ച് മാസം. Let us March ahead with positive thoughts.


സ്നേഹത്തോടെ,
**ഡോ. സിജു തോട്ടാപ്പിള്ളി**

സ്വന്തം കുരിശുവഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല. (ലൂക്ക 14:27)





# ഇടയശബ്ദം



പ്രിയമുള്ളവരെ,

ഈശോ വഴി ക്രൈസ്തവ സഭയിലൂടെ ലഭിച്ച വിശ്വാസത്തിൽ നിന്നും നാം വ്യതിചലിക്കുന്നുണ്ടോ? എല്ലാ വിശ്വാസവും ഒന്നല്ല, എല്ലാ ദൈവങ്ങളും ഒന്നല്ല, ഒരേയൊരു ദൈവമേ ഉള്ളൂ-ഏക രക്ഷകൻ, അത് ഈശോയാണ്. 'വീടുപണിക്കാരാ യ നിങ്ങൾ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു. ആ കല്ലാണ് ഈശോ. മറ്റാരിലും രക്ഷയില്ല. 'ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽ കപ്പെട്ടിട്ടില്ല. (അപ്പ. പ്ര. 4:11-12)'. താൽക്കാലിക ആവശ്യങ്ങൾക്കോ, ഭൗതിക നേട്ടങ്ങൾക്കോ വേണ്ടി മറ്റുള്ളവർ പറഞ്ഞതുകൊണ്ട് മന്ത്രവാദികളുടെയോ, ജ്യോതിഷത്തിന്റെയോ, കൈനോട്ട ക്കാരന്റെയോ, ആഭിചാരക്കാരന്റെയോ, മൃതസന്ദേശ വിദ്യക്കാരന്റെയോ പിറകെ പോകരുത്. ഇത് ഒന്നാം പ്രമാണ ലംഘനമായതിനാൽ അനുതപിച്ചു കുമ്പസാരത്തിൽ ഏറ്റുപറഞ്ഞ് ഈശോയുടെ കരുണയ്ക്കായി പ്രാർത്ഥിക്കണം. 'മുകളിൽ സ്വർഗത്തിലും താഴെ ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഗ്രഹിച്ച് അതു ഹൃദയത്തിൽ ഉറപ്പിക്കുവിൻ. (നിയമാവർ ത്തനം 4:39)'.

ഇന്ന് നമ്മുടെ മക്കളും മരുമക്കളും കൊച്ചുമക്കളും നമ്മളെ നോക്കുന്നില്ലെങ്കിൽ, ഭക്ഷണം നൽകുന്നില്ലെങ്കിൽ, പരിചരിക്കുന്നില്ലെങ്കിൽ, വീട്ടിൽ നിന്നും പുറത്താക്കാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അവരെ ശപിക്കുന്നതിന് മുമ്പ് ഒന്ന് പിന്തിരിഞ്ഞ് ആത്മശോധന ചെയ്യുന്നത് നന്നായിരിക്കും. നമ്മൾ അവർക്ക് എന്ത് മാതൃകയാണ് നൽകിയത് എന്ന് ഓർത്ത് നോക്കണം. നമ്മൾ നമ്മുടെ മാതാപിതാക്കളെ, ജീവിതപങ്കാളിയുടെ മാതാപിതാക്കളെ നന്നായി നോക്കിയിട്ടുണ്ടോ? ഇല്ലെന്നാണ് ഉത്തരമെങ്കിൽ നാം പശ്ചാത്തപിച്ച് അത് കർത്താവിനോട് ഏറ്റുപറയണം; മൂന്നു പേരെയും അനുഗ്രഹിച്ച് പ്രാർത്ഥിക്കണം. നമ്മൾ പ്രവർത്തിക്കാത്ത കാര്യങ്ങൾ നമ്മുടെ മക്കളിൽ നിന്നോ, മരുമക്കളിൽ നിന്നോ, കൊച്ചുമക്കളിൽ നിന്നോ ലഭിക്കുമെന്ന് പ്രതീക്ഷിച്ചിട്ട് കാര്യമില്ല. നമുക്ക് ആത്മശോധന ചെയ്യാം, ജീവിതത്തിൽ മാറ്റങ്ങൾ വരുത്താം.

ഈസ്റ്റർ - പുതുജീവൻ. ഈശോയുടെ ഉയിർപ്പിൽ വിശ്വസിക്കുന്ന നമ്മൾ ഇന്ന് കാണുന്നത് ജീവന്റെ സംസ്കാരത്തിന് പകരമായി മരണസംസ്കാരത്തിന് പ്രാധാന്യം നൽകുന്ന ഒരു സമൂഹമാണ്. അമ്മയുടെ ഗർഭപാത്രം-ജീവൻ ഏറ്റവും സുരക്ഷിതമായി ഇരിക്കുന്ന സ്ഥലം. എന്നാൽ അത് ഇന്ന് ജീവന് ഭീഷണിയായി ഒരു കൊലക്കളമായി മാറുന്ന സാഹചര്യങ്ങൾ. ഉദാഹരണം, അബോർഷൻ - ഒരു കുഞ്ഞിനെ കൊല്ലുമ്പോൾ വരാൻ പോകുന്ന തലമുറകളെയാണ് നാം ഇല്ലാതാക്കുന്നത്. ഒരു കുഞ്ഞ് ഭൂമിയിൽ ജനിച്ച് അത് വലുതായി വിവാഹം കഴിഞ്ഞ് വീണ്ടും വേറെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകി, അവരും വലുതായി അവർക്കും കുടുംബമായി ജീവിതം മുന്നോട്ട് പോകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. 'ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിന്റെ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തിലെ മണൽത്തരിപോലെയും ഞാൻ വർദ്ധിപ്പിക്കും. ശത്രുവിന്റെ നഗര കവാടങ്ങൾ അവർ പിടിച്ചെടുക്കും. (ഉൽപ. 22:17)'. എന്നാൽ ഒരുപാട് തലമുറകളെയാണ് അബോർഷൻ എന്ന പ്രക്രിയയിലൂടെ നമ്മൾ ഇല്ലാതാക്കുന്നത്. ഇതും ഗൗരവത്തോടെ കുമ്പസാരത്തിൽ ഏറ്റുപറഞ്ഞ് അനുതപിക്കേണ്ട പാപമാണ്.

ഈ നോമ്പ് കാലം ഒരു തിരിച്ചുവരവിനായി ഉപയോഗിക്കാം. കുരിശിന്റെ വഴി, ജപമാല, കുദാശ സ്വീകരണം എന്നിവയിലൂടെ ഈശോയിലേക്ക് മടങ്ങാം. ഈശോ സ്നേഹമാണ്. ഈശോ

കർത്താവാണ് നിന്റെ കാവൽക്കാരൻ. നിനക്ക് തണലേകാൻ അവിടുന്ന് നിന്റെ വലത്തുഭാഗത്തുണ്ട്. (സങ്കീ. 121:5)

കുരിശിൽ മരിച്ചത് ഈശോയ്ക്ക് വേണ്ടിയല്ല, മറിച്ച് നമ്മുടെ പാപങ്ങൾക്ക് വേണ്ടിയാണ്. ഇത് മനസ്സിലാക്കി നമ്മുടെ നിരവധിയായ പാപങ്ങൾ, എത്ര വലുതാണെങ്കിൽ പോലും, കുമ്പസാരത്തിൽ ഏറ്റുപറഞ്ഞ് ഈശോയുടെ അനന്തമായ കൃപാവരത്തിലേക്ക് തിരിച്ചുവരാം.

ചാലക്കുടിയുടെ ദേശീയോത്സവമായ വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ മനോഹരമാക്കാൻ നേതൃത്വം നൽകിയവർക്കും, സഹകരിച്ചവർക്കും, പ്രാർത്ഥിച്ചവർക്കും ഈ അവസരത്തിൽ സ്നേഹപൂർവ്വം നന്ദി പറയുന്നു. കൂടാതെ കാരുണ്യ സ്പർശം പദ്ധതിയിലൂടെ സഹായസഹകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നിങ്ങളെ എല്ലാവരെയും സർവ്വശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പരീക്ഷകൾക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കർത്താവിൽ ഒത്തിരി സ്നേഹത്തോടെ,

**വർഗ്ഗീസ് പാത്താടനച്ചൻ**

എല്ലാ വെള്ളിയാഴ്ചകളിലും വൈകീട്ട് 6 മണിക്ക് മാർക്കറ്റ് കപ്പേളയിൽ
വി. സെബസ്ത്യാനോസിന്റെ ലദീഞ്ഞും, നൊവേനയും ഉണ്ടായിരിക്കുന്നതാണ്.



# വാർഷിക ധ്യാനം

## 2026 മാർച്ച് 29, 30, 31, ഏപ്രിൽ 1



വലിയ നോമ്പിലെ വാർഷിക ധ്യാനം മാർച്ച് 29, 30, 31, ഏപ്രിൽ 1 തിയ്യതികളിൽ (ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ) വൈകുന്നേരം 5 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിക്കുന്നു. പ്രശസ്ത ധ്യാന ഗുരുവായ ഫാ. റോയി കണ്ണംചിറ, സി.എം.ഐ. ആണ് ധ്യാനം നയിക്കുന്നത്. കുമ്പസാരത്തിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയ വളർച്ച നേടുവാനുള്ള അവസരം പ്രയോജനപ്പെടുത്തുമല്ലോ.

## പെസഹാ കാൽകഴുകൽ ശുശ്രൂഷ

നോമ്പെടുത്തു പ്രാർത്ഥിച്ചൊരുങ്ങിയ 35 വയസ്സിനു മുകളിലുള്ള 12 പുരുഷന്മാർക്ക് ഈ വർഷത്തെ പെസഹാ വ്യാഴാഴ്ചയുള്ള കാൽകഴുകൽ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ അവസരമുണ്ട്. താല്പര്യമുള്ളവർ ദേവാലയത്തിൽ വച്ചിരിക്കുന്ന ബോക്സിൽ നിങ്ങളുടെ പേര്, യൂണിറ്റ് നമ്പർ, ഫോൺ നമ്പർ എന്നിവ എഴുതി മാർച്ച് 29ന് മുമ്പായി നിക്ഷേപിക്കണം. ഇതിൽനിന്ന് നറുക്കെടുത്ത് 12 പേരെ നിശ്ചയിക്കുന്നതാണ്.

വികാരി

പിതാവിൽ നിന്ന് വരം ലഭിച്ചാലല്ലാതെ എന്റെ അടുക്കലേക്കുവരുവാൻ ആർക്കും സാധിക്കുകയില്ല. (യോഹ 6:65)


ചാലക്കുടി ഇടവക കുടുംബത്തിലേക്ക്
സ്വാഗതം
ഫാ. ആൽബിൻ
പുതുശ്ശേരി
ഫാ. ജോയൽ
പുല്ലേലി
ഫാ. സിന്റോ
പൊഴോലിപറമ്പിൽ
ചാലക്കുടി ഇടവകയുടെ
പ്രാർത്ഥനാമംഗളങ്ങൾ
ഫാ.ക്രിസ്റ്റി
ചിറ്റക്കര
ഫാ അഖിൽ
തണ്ട്യക്കൽ

# സ്മരണാഞ്ജലി



# Adv. അഗസ്റ്റിൻ പള്ളുപ്പെട്ട

**(Retd. Federal Bank Officer)**

5 Jan 1955 - 3 Mar 2024

സ്നേഹസ്മരണയോടെ, കുടുംബാംഗങ്ങൾ

**ഞാനാണ് പുനരുത്ഥാനവും ജീവനും**
**എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.**

(യോഹ : 11:25,26)

യൂണിറ്റ് - 44

# ഇനിയും നിനക്കൊരു കുറവുണ്ട്



"ഇനിയും നിനക്കൊരു കുറവുണ്ട്, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക, അപ്പോൾ നിനക്ക് സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും, അനന്തരം വന്ന് എന്നെ അനുഗമിക്കുക" (ലൂക്കാ 18: 22). നിത്യജീവൻ അവകാശമാക്കാൻ വന്ന ധനികന് യേശു നൽകിയ മറുപടിയായിരുന്നു ഇത്. എല്ലാം തികഞ്ഞവനായി എന്ന് ധനികൻ വിശ്വസിച്ചപ്പോഴും അവൻ അറിയാതെ കെട്ടിപ്പടുക്കിയ ഭൗതിക സമ്പത്ത് ഒരു നിഴലായി അവന്റെ കൂടെയുണ്ടായിരുന്നു. അത് ഉപേക്ഷിക്കാൻ യേശു പറയുമ്പോൾ എത്രമാത്രം ദുഃഖം അവൻ അനുഭവിക്കുന്നു എന്ന് വചനം തന്നെ പങ്കുവെക്കുന്നു.

നോമ്പുകാലത്തിലാണ്... ഒരുപാട് കാര്യങ്ങൾ ഉപേക്ഷിക്കുന്ന കാലഘട്ടം. ആധുനികവും പുരാതനവുമായ വ്യത്യസ്ത നോമ്പു രീതികൾ നമ്മൾ എടുക്കാറുണ്ട്. എന്നാൽ പലപ്പോഴും ധനികന്റെ അവസ്ഥയിലാണ് നമ്മൾ. അത്യാവശ്യം കാര്യങ്ങൾ ഒക്കെ ചെയ്യുന്നുണ്ട്, നോമ്പ് എടുക്കുന്നുണ്ട്, പള്ളിയിൽ പോകുന്നുണ്ട്, കുരിശിന്റെ വഴിയിൽ പങ്കെടുക്കുന്നുണ്ട്. എല്ലാംകൊണ്ടും തികഞ്ഞ 'വിശ്വാസിയാണ്' ഞാൻ എന്ന് സ്വയം കരുതുമ്പോഴും, ഉപേക്ഷിക്കാൻ കഴിയാത്ത ചിലതൊക്കെ നമ്മുടെ മനസ്സിൽ എപ്പോഴും ഉണ്ടാകും. അത് വിദ്വേഷമാകാം, അസൂയയാകാം, അഹങ്കാരമാകാം, നമ്മിലുള്ള തഴക്കദോഷങ്ങൾ ആകാം. ഉപേക്ഷിക്കാൻ തയ്യാറാണോ?...

പിന്നെ സാധാരണ നോമ്പുകാലത്ത് നമ്മളെല്ലാം നോമ്പ് എടുക്കും, പ്രാർത്ഥിക്കും, ചില കാര്യങ്ങളൊക്കെ വേണ്ടെന്നു വയ്ക്കും, എന്നാൽ നോമ്പുകാലം കഴിഞ്ഞാൽ വീണ്ടും പഴയ ഒരു ജീവിത രീതികളിലേക്ക് തിരിച്ചു പോകുന്ന അവസ്ഥയാണ് കണ്ടുവരുന്നത്. ഒരു അമ്മ പറഞ്ഞത് ഓർക്കുന്നു "നോമ്പുകാലം തുടങ്ങി. ഇനി ഒരു 50 ദിവസത്തേക്ക് വീട്ടിൽ സമാധാനം ഉണ്ട്. ഇനി ഈസ്റ്ററിനാണ് അദ്ദേഹം കുടി തുടങ്ങുന്നത്. ഈ നോമ്പ് ദിവസങ്ങൾ നീട്ടാൻ വല്ല തീരുമാനമുണ്ടാകുമോ?" പരസ്പരം ചിരിച്ചു പിരിഞ്ഞെങ്കിലും ഇതും ഒരു യാഥാർത്ഥ്യമാണ് എന്ന് അമ്മ പറയാതെ പറഞ്ഞുവെച്ചു. ആരെയൊക്കെയോ കാണിക്കാൻ ചെയ്യുന്ന തരത്തിൽ നോമ്പുകാല പരിത്യാഗങ്ങൾ മാറുന്നുണ്ടോ?


ഈ നോമ്പു കാലഘട്ടം 'വെട്ടിയൊരുക്കലിന്റെ' കാലഘട്ടം ആകട്ടെ. ചില ചെടികളും, പുല്ലുമെല്ലാം വെട്ടിയൊരുക്കുന്തോറുമാണ് അതിന്റെ ഭംഗി കൂടുന്നത്. നമ്മെ തന്നെ ഒരുക്കി, നല്ല തീരുമാനങ്ങൾ എല്ലാം എടുത്തു, നമ്മിലുള്ള ദൈവഹിതത്തിനെതിരായി വളർന്നുകൊണ്ടിരിക്കുന്ന ചിന്തകളെയും, പ്രവർത്തനങ്ങളെയും ഒക്കെ വെട്ടിയൊരുക്കി നല്ല ഫലങ്ങൾ നൽകുന്ന നല്ല ശാഖകളായി മാറാനായി നമുക്ക് ശ്രമിക്കാം. ഈ നോമ്പുകാലത്ത് വേണ്ട എന്ന് വയ്ക്കുന്ന ചില കാര്യങ്ങൾ, അത് ഭക്ഷണമായി മാത്രം ബന്ധപ്പെട്ടതല്ല, മറിച്ച് നമ്മൾ എടുക്കുന്ന ചില നിയന്ത്രണങ്ങളും, ചില തീരുമാനങ്ങളുമുണ്ട്. അത് നോമ്പുകാലത്ത് മാത്രമല്ല, മുന്നോട്ടുള്ള ജീവിതത്തിൽ തുടരാൻ കഴിയുന്ന വിധത്തിൽ ആയിരിക്കണം നമ്മുടെ ഒരുക്കങ്ങൾ. വെട്ടിയൊരുക്കൽ എന്നത് അത്ര എളുപ്പമല്ല. അതിനു പുറകിൽ സഹനമുണ്ട്, അധ്വാനമുണ്ട്, നിയന്ത്രണങ്ങളുണ്ട്, വിഷമമുണ്ട്. എല്ലാം ക്രൂശിതനായ ക്രിസ്തുവിന് സമർപ്പിക്കാനും, നോമ്പുകാലം ഫലദായകമാക്കുവാനും ഏവർക്കും സാധിക്കട്ടെ. നമ്മുടെ പാപങ്ങൾക്ക് വേണ്ടി സ്വയം വെട്ടിയൊരുക്കാൻ നിന്നു കൊടുത്ത ക്രിസ്തു നമ്മുടെ സഹായകനാകട്ടെ, ആശ്വാസകനാകട്ടെ. നല്ലൊരു നോമ്പുകാലം ഏവർക്കും നേരുന്നു...

ഈശോയിൽ സ്നേഹപൂർവ്വം,

**ആൽബിനച്ചൻ**

നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. (ജറ.29:11)

# ഇടവക ഡയറി



## മാർച്ച് - 2026

| | | | |
|---|---|---|---|
| 01 | ഞായർ | | - നോമ്പുകാലം, മൂന്നാം ഞായർ |
| | | 8.45 am | - കുടുംബസമ്മേളന കേന്ദ്രസമിതി ജനറൽബോഡി മീറ്റിങ്ങ് |
| 06 | വെള്ളി | | - **മാസാദ്യവെള്ളി, രോഗികൾക്ക് കുമ്പസാരം** |
| 08 | ഞായർ | | - നോമ്പുകാലം നാലാം ഞായർ |
| | | 6.30 - 10.00 pm | - **വചനാഭിഷേക സായാഹ്നം** |
| | | | കുമ്പസാരം, വി. കുർബാന, ധ്യാനം, ആരാധന |
| 11 | ബുധൻ | | - **പാതിനോമ്പ് - (ബുധൻ)** |
| 14 | ശനി | 7.15 am | - വി. കുർബാന - മാർച്ച് മാസം വിവാഹവാർഷികം ആഘോഷിക്കുന്ന ദമ്പതികളുടെ കൃതജ്ഞതാബലി, വിവാഹ പ്രതിജ്ഞ നവീകരണം |
| 15 | ഞായർ | | - നോമ്പുകാലം അഞ്ചാം ഞായർ |
| 19 | വ്യാഴം | | - **വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ** |
| 22 | ഞായർ | | - നോമ്പുകാലം ആറാം ഞായർ, കനകമല തീർത്ഥാടനം |
| 25 | ബുധൻ | | - മംഗളവാർത്ത തിരുനാൾ |
| 27 | വെള്ളി | | - നോമ്പുകാലം ആറാം വെള്ളി (നാൽപതാം വെള്ളി) |
| 29 | ഞായർ | | - നോമ്പുകാലം ഏഴാം ഞായർ - **ഓശാന** |
| | | 5.30 am | - വി. കുർബാന |
| | | **6.30 am** | - **ആഘോഷമായ ഓശാന തിരുനാൾ കുർബാന** |
| | | 9.30 am | - വി. കുർബാന |
| | | 5 pm | - **വി. കുർബാന**, വാർഷികധ്യാനം |
| 30, 31 | തിങ്കൾ, ചൊവ്വ | 5 pm | - **വി. കുർബാന, വാർഷിക ധ്യാനം** |
| **ഏപ്രിൽ** | | | |
| 01 | ബുധൻ | 5 pm | - **വി. കുർബാന, വാർഷിക ധ്യാനം** |
| 02 | വ്യാഴം | 6.30 am | - **വി.കുർബാന, പെസഹാ തിരുക്കർമ്മങ്ങൾ, കാലുകഴുകൽ ശുശ്രൂഷ, ആരാധന** |
| | | 7 - 8 pm | - **പൊതു ആരാധന, അപ്പം മുറിക്കൽ** |
| 03 | വെള്ളി | | - **ദുഃഖവെള്ളി (ഉപവാസ ദിനം)** |
| | | 6.30 am | - പീഢാനുഭവ തിരുക്കർമ്മങ്ങൾ |
| | | 4.00 pm | - പരിഹാര പ്രദക്ഷിണം |
| 04 | ശനി | | - ദുഃഖശനി |
| | | **6.30 am** | - മാമ്മോദീസ വ്രത നവീകരണം, വെഞ്ചിരിക്കാനുള്ള തിരി & വെള്ളം കരുതണം |
| | | **11.30 pm** | - ഉയിർപ്പ് തിരുക്കർമ്മങ്ങൾ |
| 05 | ഞായർ | | - **ഈസ്റ്റർ (ഉയിർപ്പ് ഒന്നാം ഞായർ)** |
| | | **6, 7.30 am, 5, 7 pm** | - **വി. കുർബാന** |

### പെസഹാ കുമ്പസാരം

**മാർച്ച് 30, 31, ഏപ്രിൽ 1 തിയ്യതികളിൽ 10 am to 12 noon & 4.00 pm to 7.00 pm**

**മാർച്ച് 30 തിങ്കൾ 9.30 am മുതൽ രോഗികൾക്കും വൃദ്ധർക്കും വീടുകളിൽ കുമ്പസാരം**

**വികാരി**

വചനം നിനക്കു സമീപസ്ഥമാണ് അത് നിന്റെ അധരത്തിലും ഹൃദയത്തിലുമുണ്ട് (നിയ 30:14)



# എന്നും കൂടെയുണ്ട്.. ട്ടോ..



ഈശോയ്ക്ക് ഏറെ ഇഷ്ടപ്പെടുന്ന ഇടവക ജനമേ, ഒത്തിരി സന്തോഷം.....

പൗരോഹിത്യത്തിലേയ്ക്ക് പിച്ച വെച്ച് തുടങ്ങിയ എന്നെ സംബന്ധിച്ച് എന്റെ ആദ്യത്തെ ഇടവകയായി എന്റെ സ്വന്തം ഫൊറോന തന്നെ എനിക്ക് ലഭിച്ചത് ഒരു ഭാഗ്യമായി കരുതി ഞാൻ ദൈവത്തിനു നന്ദി പറയുന്നു.

ഈ ഒരു വർഷക്കാലം... ഏറെ സന്തോഷത്തിലും സ്നേഹത്തിലും.. നമുക്കൊരുമിച്ചു ഒരു മനസ്സോടെ... ഒരു ഹൃദയത്തോടെ... ഒരു കുടുംബമായി... നമുക്കു മുന്നോട്ട് പോകാം... നിങ്ങളുടെ കൂടെ ഞങ്ങൾ ഉണ്ടാകും ഞങ്ങളോടൊപ്പം നിങ്ങളും ഉണ്ടാകണേ...

സ്നേഹമുള്ളവരെ, നോമ്പ് കാലത്തിലൂടെ നമ്മുടെ ആത്മീയ യാത്ര മുന്നോട്ട് പോവുകയാണ്.

നമ്മൾ ഒരു വാഹനം മേടിച്ചാൽ ഇടയ്ക്കിടയ്ക്ക് അത് സർവീസ് ചെയ്യണം അല്ലെങ്കിൽ ടെസ്റ്റിംഗ് നടത്തണം എന്തിനാണ് ആ വണ്ടി എപ്പോഴും നല്ല കണ്ടീഷനിൽ ആയിരിക്കാൻ വേണ്ടിയാണ്. എന്ന് പറഞ്ഞപോലെ നമ്മുടെ ആത്മാവിനെ ഒന്ന് ടെസ്റ്റിംഗിന് കേറ്റുന്ന ഒരു സർവീസിന് വിധേയമാക്കുന്ന കാലമാണ് ഈ നോമ്പുകാലം. കുറെ പ്രാർത്ഥനയിലൂടെ... പരിത്യാഗത്തിലൂടെ... അനുതാപത്തിലൂടെ... നമ്മുടെ ആത്മാവിനെ ഒന്ന് കഴുകി വിശുദ്ധീകരിക്കാനുള്ള കാലഘട്ടമാണ് ഇത്. അതുകൊണ്ടുതന്നെ ഈ കാലം അത്രമേൽ പ്രധാനപ്പെട്ടതായി കണ്ടുകൊണ്ട് ഈ കാലത്തിൽ ആയിരിക്കാനും. വി. കുർബാനയിൽ സജീവമായി പങ്കെടുക്കാനും. കുമ്പസാരിച്ചു ഒരുങ്ങി വിശുദ്ധ വാരത്തിൽ പ്രവേശിച്ചു ഉത്ഥാനതിരുനാളിന് ഒരുങ്ങാനും നമുക്ക് സാധിക്കട്ടെ...

സ്നേഹത്തോടെ,
ഫാ. ജോയൽ പുല്ലേലി

പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്. (മത്താ. 7:21)

# അനുദിന സുവിശേഷം
## 2026 മാർച്ച്

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **01**<br>[illegible] 15:7-15<br>മത്താ6:1-8<br>16- 18<br>2 കോറി 8:9-15 | **02**<br>മർക്കോ 9:33-41<br>ഫിലി 4:10-20 | **03**<br>മർക്കോ 12:38-44<br>2 കോറി 9:1-5 | **04**<br>ലൂക്ക 6:32-38<br>2 കോറി 9:6-10 | **05**<br>മത്താ 7:21-28<br>യാക്കോ 2:10-17 | **06**<br>ലൂക്ക 12:29-34<br>2 കോറി 9:11-15 | **07**<br>ലൂക്ക 8 4:b-48<br>2 കോറി 3:14-7:1 |
| **08**<br>[illegible] 19:1-7<br>മത്താ 5:27-32<br>2 തിമോ 2:22-26 | **09**<br>മർക്കോ 7:14-23<br>2 പത്രോ 1:1-9 | **10**<br>ലൂക്ക 11:33-41<br>ഹെബ്രാ 12:14-17 | **11**<br>മർക്കോ 10:46-52<br>വെളി 3:1-6 | **12**<br>ലൂക്ക 5:12-16<br>1 തെസ 4:1-8 | **13**<br>യോഹ 17:9-19<br>ഹെബ്രാ 10:1-10 | **14**<br>ലൂക്ക 24:44-49<br>വെളി 3:14-22 |
| **15**<br>[illegible] 4:8-16<br>യോഹ 8:1-11<br>1 യോഹ 1:5-10 | **16**<br>ലൂക്ക 17:1-6<br>എഫേ 4:1-6 | **17**<br>5:38-4815-20<br>1 പത്രോ 3:8-12 | **18**<br>മത്താ 18:15-20<br>1 തെസ 5:12-18 | **19**<br>മത്താ 1:18-25<br>2 കോറി 10:3-11 | **20**<br>മത്താ 20:20-28<br>ഹെബ്രാ 9:23-28 | **21**<br>മത്താ 17:1-9<br>1 കോറി 2:1-8 |
| **22**<br>[illegible] 8:1-15<br>മർക്കോ 8:31-9:1<br>1 പത്രോ 4:12-19 | **23**<br>മത്താ 12:15-21<br>1 പത്രോ 2:18-23 | **24**<br>യോഹ 15:18-27<br>കൊളോ 1:24-29 | **25**<br>ലൂക്ക 1:26-38<br>ഹെബ്രാ 1:1-13 | **26**<br>മർക്കോ 10:32-34<br>2 തിമോ 1:6-14 | **27**<br>യോഹ 11:32-44<br>റോമ 5:12-17 | **28**<br>യോഹ 12:1-11<br>2 കോറി 2:14-17 |
| **29**<br>[illegible] 22:10-12<br>ലൂക്ക 19:28-40<br>ഗലാ 4:12-20 | **30**<br>ലൂക്ക 19:41-48<br>റോമ 11:17-24 | **31**<br>ലൂക്ക 20:9-19<br>ഹെബ്രാ 13:10-16 | | | | |

## ചാലക്കുടിയുടെ മതസൗഹാർദ്ദം

ചാലക്കുടി കണ്ണമ്പുഴ ക്ഷേത്രോത്സവത്തോടനുബന്ധിച്ചുള്ള ആനച്ചമയ പ്രദർശനം ഉദ്ഘാടനം ചെയ്യുന്ന വേളയിൽ, ഫൊറോന പള്ളി വികാരി വർഗ്ഗീസ് പാത്താടനച്ചനും, കൈകാരന്മാരും, കേന്ദ്രസമിതി ഭാരവാഹികളും, മർച്ചന്റ് അസോസിയേഷൻ ഭാരവാഹികളും പ്രത്യേക ക്ഷണിതാക്കളായി എത്തിയപ്പോൾ..



കർത്താവിനെ ഭയപ്പെടുന്നവനാരോ അവൻ തിരഞ്ഞെടുക്കേണ്ടവഴി അവിടുന്ന് കാണിച്ചുകൊടുക്കും. (സങ്കീ. 25:12)


Happy Birthday to you
to you
Catherine
HAPPY BIRTHDAY
Catherine
D/o Rejoy Malppan
"നീ പോയ വഴികളിൽ ഞങ്ങൾ തനിച്ചല്ല,
നിന്റെ പ്രാർത്ഥനകൾ ഒരു കാവലായി,
കൂടെയുണ്ടെന്നറിയുന്നു..."
സ്വർഗ്ഗത്തിന്റെ വാത്സല്യവനിയിൽ
മൂന്നാം ജന്മദിനം ആഘോഷിക്കുന്ന
കാത്തിക്കുട്ടിക്ക്
സ്വർഗീയ ജന്മദിനാശംസകൾ!
27 Mar 2023
മരിക്കാത്ത ഓർമ്മകൾ...

DAWN
EYE HOSPITAL

'വെളിച്ചമുണ്ടാകട്ടെ!'
(ഉൽപത്തി 1:3)



കണ്ണിനെ കൺമണി പോലെ കാക്കാൻ,
ഇനി നിങ്ങൾക്കൊപ്പം ഞങ്ങളും!

**Dr. Preetha's**
**Dawn Eye Hospital**
PAM Road,
Near St. Mary's Forane Church
Chalakudy - 680 307
Ph : 0480 270 0020





Working Hours : 9.00 am to 7.00 pm
**Sunday Holiday**



# കൂടെയുണ്ടെന്ന ക്രൂശിതന്റെ ഉറപ്പ്

പ്രിയപ്പെട്ട ഇടവകാംഗങ്ങളെ,

ഈ വിശുദ്ധ നോമ്പുകാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിലും സമാധാനത്തിലും നിങ്ങളെ എല്ലാവരെയും അഭിവാദ്യം ചെയ്യുന്നു. കർത്താവിന്റെ മുന്തിരിത്തോപ്പിലെ പുതിയ ശുശ്രൂഷകനായി നിങ്ങളുടെ ഇടയിലേക്ക് കടന്നുവരുവാൻ സാധിച്ചതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. നാം ഒരുമിച്ച് ക്രിസ്തുവിന്റെ പീഡാനുഭവങ്ങളിലൂടെയും കുരിശിന്റെ വഴിയിലൂടെയും സഞ്ചരിക്കുന്ന ഒരു പുണ്യകാലമാണിത്.

ക്രിസ്തുവിന്റെ കുരിശ് വെറുമൊരു മരക്കഷ്ണമല്ല; അത് ദൈവത്തിന്റെ അളവറ്റ സ്നേഹത്തിന്റെ കൈയൊപ്പാണ്. ലോകത്തിന്റെ കണ്ണിൽ കുരിശ് തോൽവിയുടെ അടയാളമായിരിക്കാം, എന്നാൽ നമുക്കത് പ്രത്യാശയുടെയും അതിജീവനത്തിന്റെയും ഉറവിടമാണ്. നമ്മുടെ ജീവിതത്തിലെ ഓരോ തകർച്ചകളിലും, വേദനകളിലും അവിടുന്ന് കൂടെയുണ്ടെന്നുള്ള വലിയ സത്യമാണ് കുരിശ് വിളിച്ചുപറയുന്നത്. നമ്മുടെ ആത്മീയ ജീവിതത്തെ ആഴപ്പെടുത്താനും ദൈവത്തിലേക്കും സഹോദരങ്ങളിലേക്കും കൂടുതൽ അടുക്കാനുമുള്ള ഒരു വലിയ അവസരമാണ് അമ്പതു നോമ്പ് നമുക്ക് നൽകുന്നത്.

കർത്താവിന്റെ പീഡാനുഭവങ്ങളെ ധ്യാനിച്ചുകൊണ്ട്, ഉത്ഥാനത്തിന്റെ വലിയ സന്തോഷത്തിലേക്ക് നമുക്ക് ഒരുമിച്ച് നീങ്ങാം. പുതിയതായി നിങ്ങളുടെ ഇടയിലേക്ക് വന്ന എന്നെയും മറ്റു രണ്ടു കൊച്ചച്ചന്മാരെയും ഞങ്ങളുടെ ശുശ്രൂഷകളെയും നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ നോമ്പുകാലം നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും, കുരിശിന്റെ ചുവട്ടിൽ കൂടുതൽ വിനയാന്വിതരാക്കുകയും ചെയ്യട്ടെ.

എല്ലാവർക്കും ദൈവാനുഭവം നിറഞ്ഞ ഒരു നോമ്പുകാലം ആശംസിക്കുന്നു.

ക്രിസ്തുവിൽ നിങ്ങളുടെ സ്വന്തം,
സിന്റോച്ചൻ

അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ടവരുടെ മേൽ അവിടുന്നു കരുണയും അനുഗ്രഹവും വർഷിക്കും (ജ്ഞാനം 3:9)

# നന്ദിയോടെ...



ചാലക്കുടി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിലെ 2026-ലെ വി. സെബസ്ത്യാനോസിന്റെ അമ്പുതിരുനാൾ നാടും നഗരവും ആഘോഷപൂർവ്വം കൊണ്ടാടിക്കഴിഞ്ഞു. തിരുനാൾ ആഘോഷത്തിന് മാറ്റു കൂടിയത് നാനാജാതി മതസ്ഥർ ഒരുമിച്ച് ആഘോഷിച്ചപ്പോഴാണ്. ചാലക്കുടിയുടെ ദേശീയോത്സവമായ അമ്പുതിരുനാൾ ചാലക്കുടിയുടെ മതേതരത്വത്തിന്റെ സ്നേഹ കൂട്ടായ്മയാണ് വിളിച്ചോതുന്നത്.

തിരുനാളിന്റെ ഭാഗഭാക്കുകളായി ഞങ്ങൾക്കു നൽകിയ നിർദ്ദേശങ്ങൾക്കും സഹകരണത്തിനും ഞങ്ങളെ സഹായിച്ച അഭിവന്ദ്യ പിതാവ്, വികാരി ജനറാൾമാർ, വികാരിയച്ചൻ, കൊച്ചച്ചന്മാർ, അനുദിന ദിവ്യബലി അർപ്പിക്കുവാൻ വന്നുചേർന്ന വൈദീകർ, ഇടവകവൈദീകർ, സിസ്റ്റേഴ്സ്, കൈകാരന്മാർ, തിരുനാൾ കമ്മിറ്റി അംഗങ്ങൾ, തിരുനാൾ പ്രസുദേന്തിമാർ, പള്ളി പ്രതിനിധിയോഗാംഗങ്ങൾ, ഭക്തസംഘടന ഭാരവാഹികൾ, കുടുംബകൂട്ടായ്മ കേന്ദ്രസമിതിയും, യൂണിറ്റ് ഭാരവാഹികളും, പള്ളി ജീവനക്കാർ, അൽമായ സുഹൃത്തുക്കൾ, ഗായകസംഘം, അൾത്താര ബലന്മാർ, ദേവാലയ ശുശ്രൂഷികൾ, വളണ്ടിയേഴ്സ്, പോലീസ് അധികാരികൾ, മുനിസിപ്പൽ അധികാരികൾ, കെ.എസ്.ഇ.ബി, ഫയർ ഫോഴ്സ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, ജനപ്രതിനിധികൾ, പത്ര-ദൃശ്യമാധ്യമ പ്രവർത്തകർ, വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകൾ, യൂണിറ്റ്-സമുദായ അമ്പ് കമ്മിറ്റികൾ, മർച്ചന്റ് അസോസിയേഷൻ ഭാരവാഹികൾ, ടൗൺ അമ്പ്, പ്രവാസികൾ, മഹാത്മാ കളരി സംഘം, ഡ്രൈവേഴ്സ്, വിവിധ തൊഴിലാളി സംഘടനകൾ, തിരുനാളിന്റെ വിവിധ ഘട്ടങ്ങളിൽ സാമ്പത്തികമായ സഹായം നൽകിയവർ, തിരുനാളിന് പരസ്യങ്ങൾ നൽകി സഹകരിച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും, നിലപ്പന്തൽ, രൂപപന്തൽ, ദീപാലങ്കാരം, ലൈറ്റ് & സൗണ്ട്, വർണ്ണമഴ, പൊൻകുരിശുകൾ, മുത്തുക്കുടകൾ, ബാന്റ്സെറ്റ് വാദ്യമേളങ്ങൾ, മെഗാഷോ കലാകാരന്മാർ, അണിയറ ശില്പികൾ തുടങ്ങി തിരുനാൾ ഏറ്റവും മനോഹരമാക്കുവാൻ പരിശ്രമിച്ച എല്ലാ വിശ്വാസ സമൂഹത്തിനും പരിശുദ്ധ അമ്മയുടേയും, വിശുദ്ധ സെബസ്ത്യാനോസിന്റേയും മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് ഏവർക്കും നന്ദിയർപ്പിക്കുന്നു.

തിരുനാൾ കമ്മിറ്റിക്കുവേണ്ടി,



ജനറൽ കൺവീനർ

**ജോഷി പുത്തിരിയ്ക്കൽ**




# മിഷൻ ഡയറീസ്

ബ്രദർ ഹാരിസ് OFM Cap.

സെമിനാരി പ്രവേശനം ഞാൻ എങ്ങനെ മറക്കാനാണ്. ആദ്യമായി ഉത്തർപ്രദേശിൽ ഉള്ള സെമിനാരിയിലേക്ക് ഷോർണൂർ റെയിൽവേസ്റ്റേഷനിൽ നിന്നും യാത്ര തുടങ്ങിയപ്പോൾ വേർപാടുകൾ എത്ര വേദനാജനകമാണെന്ന് എനിക്ക് പിടുത്തം കിട്ടി. കായലുകളും മലനിരകളും അടങ്ങുന്ന നമ്മുടെ കേരളം എന്ന കൊച്ചു ഭൂപ്രദേശത്തെ താണ്ടി മംഗള എക്സ്പ്രസ്സ് കുതിച്ചപ്പോൾ മനസ്സിൽ ഇരുണ്ട കാർമേഘങ്ങൾ ഒന്നിച്ചുകൂടാൻ തുടങ്ങിയിരുന്നു. വേർപാടിന്റെ ഉറ്റത്തോഴനായി പ്രിയപ്പെട്ടവരുടെ കണ്ണീരുകുടി എത്തിയതോടെ അച്ചനാവാൻ പോവുക എന്ന് പറയുന്നത് എളുപ്പമല്ലെന്ന് എനിക്ക് ഏറെക്കുറെ മനസ്സിലായിക്കഴിഞ്ഞിരുന്നു. ഉപ്പുവെള്ളത്തെ വിശുദ്ധമായ കണ്ണീർ ആക്കുന്നത് നിന്റെ തീരുമാനങ്ങളാണെന്ന് അന്നത്തെ വൊക്കേഷൻ പ്രമോട്ടർ അച്ചന്റെ സൗമ്യമായ ഓർമ്മപ്പെടുത്തൽ എനിക്ക് ഒരു വെളിപാട് ആയിരുന്നു.

‘സുവിശേഷ ഗീതികൾ പാടാം, ലോകത്തിലെങ്ങും പോകാം, നാഥൻ വിളിക്കുന്നു നമ്മെ’ എന്ന് നിസ്സംഗതയോടു കൂടി പാടിക്കൊണ്ടിരുന്ന ഞാനെന്ന ആ പഴയ കൗമാരക്കാരൻ പ്രവചനാത്മകമായ ആ വരികളുടെ വേട്ടമൃഗം ആയി കഴിഞ്ഞിരുന്നു. പാൻപരാഗ് ചവക്കുന്ന ഹിന്ദിക്കാരും, പണം വാങ്ങി അനുഗ്രഹം തന്ന ട്രാൻസ്ജെന്റേർസും എന്റെ കൗതുകം പിടിച്ചുപറ്റി. തൊട്ടടുത്തിരുന്ന ഹിന്ദിക്കാരുടെ അടുത്ത് ഒത്തിരിനേരം സംസാരിക്കാതിരുന്നെങ്കിലും മഹാരാഷ്ട്ര എത്തിയപ്പോൾ അവർ തന്നെ ചോദിക്കാൻ തുടങ്ങി, ‘എങ്ങോട്ടാ കുഞ്ഞേ ഒറ്റക്കുള്ള യാത്ര?’ കൊള്ളക്കാരുടെ കയ്യിലൊക്കെ പെട്ട അസീസിയിലെ ഫ്രാൻസിസിന്റെ വിപ്ലവാത്മകമായ വരികൾ ആണ് എന്റെ ഓർമ്മയിൽ തെളിഞ്ഞത്, മഹാരാജാവിന്റെ സന്ദേശവാഹകനാണ് ഞാൻ... പന്ത്രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ




ജീവിതകാലം മുഴുവൻ നിന്റെ പ്രവർത്തികൾ നീതിനിഷ്ഠമായിരിക്കട്ടെ (തോബി 4:5)

അബദ്ധത്തിൽ പോലും ഹിന്ദി ക്ലാസ്സിൽ കയറി ചെല്ലാത്ത ഞാൻ എന്തൊക്കെയോ ഹിന്ദിയിൽ പറഞ്ഞു. ചേട്ടാ ഞാൻ അച്ചനാവാൻ പോവാ, ആരുടെ അച്ചൻ എന്ന് അവർ ചോദിച്ചപ്പോൾ വീണ്ടും ഞാൻ കൈമലർത്തി. ഒടുവിൽ ഒരിക്കൽ പോലും അവർ കേട്ടിട്ടില്ലാത്ത നസ്രത്തിലെ തച്ചനെ കുറിച്ച് പറഞ്ഞശേഷമാണ് ആ സംഭാഷണം അവസാനിച്ചത്. നിസാമുദ്ദീൻ റെയിൽവേസ്റ്റേഷനിൽ സീനിയേഴ്സിന്റെ സഹായത്തോടെ പെട്ടിയെടുത്ത് സെമിനാരിയിൽ എത്തിയപ്പോഴേക്കും ദിവസം രണ്ടു കഴിഞ്ഞിരുന്നു. മുസ്ലിംസ് മാത്രം തിങ്ങിപ്പാർക്കുന്ന ഉത്തർപ്രദേശിലെ ഒരു തെരുവിന്റെ മദ്ധ്യത്തിലെ ആ സെമിനാരിയിൽ അച്ചനാവാൻ പഠിക്കുന്ന 40 ഓളം കപ്പുച്ചിൻ സഹോദരങ്ങളുണ്ടായിരുന്നു. കൃത്യമായ ഇടവേളകളിൽ ഉയരുന്ന ബാങ്ക് വിളികൾ... തൊട്ടടുത്ത് എൻകൗണ്ടറിന് വേണ്ടി ഉത്തർപ്രദേശിലെ പോലീസുകാർ ക്രിമിനൽസിനെ വലിച്ചിഴച്ചു കൊണ്ടുവന്നിരുന്ന ഒറ്റപ്പെട്ട ഒരു തെരുവ്... ഇടയ്ക്കെല്ലാം അജ്ഞാത ശവങ്ങൾ അടിഞ്ഞുകൊണ്ടിരുന്ന മലിനമായ ഗംഗാനദിയിലെ ഒരു കൈവഴി... ഇടവക പള്ളിയിലേക്ക് പോകുമ്പോൾ ലൈംഗിക തൊഴിലാളികൾ ശരീരം വിറ്റുകൊണ്ടിരുന്ന മുസ്ലിം തെരുവ്... അങ്ങനെ എനിക്ക് തീരെ പരിചിതമല്ലാത്ത ഒരു ഭൂമി. തൊട്ടടുത്തെ തീവണ്ടി പാളത്തിലെ ട്രെയിനുകൾ ഉപേക്ഷിച്ചു പോയ ഞങ്ങളുടെ ഭവനത്തെ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നു. തന്റെ കൂട്ടുകാരെ ദൂരെ ദിക്കുകളിലേക്ക് സുവിശേഷം അറിയിക്കാൻ അയച്ച നസ്രത്തിലെ യേശുവിനെ അനുഭവിക്കണമെങ്കിൽ മട്ടുപാവിൽ പോയാൽ മാത്രം മതിയായിരുന്നു, ആകാശം അതിന്റെ നിത്യസ്മരണയാണ്. പെരുന്നാൾ വെടിക്കെട്ടുകളും നാട്ടിലെ ക്രിസ്മസ് ആഘോഷങ്ങളും ഇല്ലാതിരുന്ന ആ വർഷത്തിൽ വർണ്ണാഭം വിതറി ആശ്വസിപ്പിച്ച ആകാശത്തിന്റെ ഭാവവ്യത്യാസങ്ങൾ എങ്ങനെ മറക്കാൻ പറ്റും? മുപ്പതോളം മാത്രം വരുന്ന ക്രിസ്ത്യൻ കുടുംബങ്ങൾ ബലിയർപ്പണത്തിനായി വരുന്ന അന്നത്തെ പള്ളിയിലെ ഗാനങ്ങൾ ആണ് മെയിൻ ഹൈലൈറ്റ്, ഹിന്ദിയിൽ ആയിരുന്നെങ്കിലും ആ പാട്ടുകൾക്ക് കാര്യമായി വ്യത്യാസങ്ങൾ ഉണ്ടായിരുന്നില്ല, ചെറുപ്പത്തിൽ ചാലക്കുടി പള്ളിയിൽ പാടിയ അതേ പാട്ടുകളുടെ ആവർത്തനം തന്നെയായിരുന്നു അത്.

ഹാല്ലേലുയ സ്തുതി ഗായേംഗെ ഹം, യേശുക്കെ സ്തുതി ഗായേംഗെ ഹം. മിഷൻ ഭൂമിയിലേക്ക് സ്വാഗതം.

തുടരും...■

## സ്തോത്രകാഴ്ച

**പെസഹാ വ്യാഴം**

സ്തോത്രകാഴ്ച – വൈദിക വിദ്യാർത്ഥികളുടെ സഹായ നിധിയിലേക്ക്

**ദുഃഖവെള്ളി**

സ്തോത്രകാഴ്ച – വിശുദ്ധനാട് സംരക്ഷണ ഫണ്ടിലേക്ക്

**വിശുദ്ധവാരത്തിൽ വൈകുന്നേരം 7 മണിക്കുള്ള വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.**

## ഉപകാരസ്മരണ



**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും, എനിക്ക് വഴി കാണിച്ചു തരികയും, എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവീകദാനം തരികയും, എന്റെ ജീവിതത്തിലെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദിപറയുന്നു. എത്ര വലിയ ഭൗതീക ആഗ്രഹങ്ങൾ എനിക്കുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു. ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ച് പ്രാർത്ഥിക്കുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുമ്പ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പ് നൽകുന്നു.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കുവാൻ വേണ്ടിയാണ്.

**മേരിക്കുട്ടി വിൽസൻ**

കർത്താവിനെ അന്വേഷിക്കുവിൻ; നീതിയും വിനയവും അന്വേഷിക്കുവിൻ (സെഫ 2:3)

# സ്നേഹസ്മരണക്ക്

## 3-ാം ചരമവാർഷികം



## കെ.ജെ ഫ്രാൻസിസ്

(റിട്ട. സ്കൂൾ അധ്യാപകൻ)

കൈതയിൽ, റെയിൽവേ സ്റ്റേഷൻ സമീപം

ചാലക്കുടി

**ജനനം - 25/03/1945**

**മരണം - 20/02/2023**

യൂണിറ്റ് - 52

കർത്താവിൽ ആശ്രയിക്കുന്നവൻ അചഞ്ചലമായി എന്നേക്കും നിലകൊള്ളുന്ന സിയോൻ പർവ്വതം പോലെയാണ്. (സങ്കീ. 125:1)

സൗഹൃദങ്ങളുടെ രാജകുമാരന്
കണ്ണീരോടെ വിട...



## പുത്തനങ്ങാടി ഇട്ടീര മകൻ

# നിവാസ്

**സീനിയർ സി.എൽ.സി.**

**സെന്റ് മേരീസ് ചർച്ച്, ചാലക്കുടി**

തിരുനാൾ ആശംസകൾ...

**STAR** Health Insurance

The Health Insurance *Specialist*



**DHANYA BIJU**

**7012914202**

## എന്താണ് ഇൻഷുറൻസ് ?

**'പ്രവചിക്കാൻ സാധിക്കാത്ത അപകടങ്ങളെയും, പ്രവചിക്കാൻ കഴിയാത്ത അസുഖങ്ങളെയും, രോഗങ്ങളേയും, പ്രവചിക്കാൻ കഴിയുന്ന തുകയ്ക്ക് പ്രതിവിധി നൽകി സംരക്ഷിക്കുന്നു'**

1. ഏതു പ്രായക്കാർക്കും പോളിസിയിൽ അംഗമാകാം
2. 5 ലക്ഷം മുതൽ 1 കോടി വരെ കവറേജ്
3. 3 വർഷത്തേക്കുള്ള കവറേജ് ഒരുമിച്ച് എടുക്കാനുള്ള അവസരം.
4. EMI വ്യവസ്ഥയിലും പോളിസി പ്രീമിയം അടയ്ക്കാനുള്ള സൗകര്യം
5. പരിധികളില്ലാതെ ഓരോ അഡ്മിഷനും 100% SI റീസ്റ്റോർ ചെയ്തത് ലഭിക്കുന്നു.

**മറ്റ് സവിശേഷതകൾ**

- Room Rent- ഇന്ത്യയിലെ ഏത് ആശുപത്രിയിലും ഏതു റൂം വേണമെങ്കിലും എടുക്കാം.
- Limitless Loyalty Bonus- ഓരോ തവണ പോളിസി പുതുക്കുമ്പോഴും SI എത്രയാണോ അതിന്റെ 100% ബോണസായി ലഭിക്കുന്നു.
- Sum Insured Multipler- മൂന്നുവർഷത്തെ പോളിസി ഒരുമിച്ച് എടുക്കുന്നവർക്ക് ഓരു തവണ ഓരോ വർഷത്തേയും ബേയ്സ് കവറേജ് ഒന്നിച്ച് ചേർത്ത് ഒറ്റ ക്ലെമിനായി ഉപയോഗിക്കാം.
- Premium Return- ഓരോ തുടർച്ചയായ 5 വർഷങ്ങളിലും ക്ലെയിം വന്നിട്ടില്ലെങ്കിൽ 6-ാം വർഷം ആദ്യത്തെ വർഷത്തെ പ്രീമിയം ഡിസ്കൗണ്ട് നൽകുന്നു.
- Health Booster- ഓരോ തുടർച്ചയായ 7 വർഷങ്ങളിലും ക്ലെയിം ഇല്ലെങ്കിൽ ബേയ്സ് കവറേജിന്റെ 100% അധിക കവറേജ് ആയി നൽകുന്നു.
- Limitless Care- ഒരു വ്യക്തിയുടെ ലൈഫിൽ ഒരുതവണ ഒരു ക്ലെയിം പരിധിയില്ലാതെ കവറേജ് നൽകുന്നു.
- Future Shield- വിവാഹശേഷം ജീവിതപങ്കാളിക്ക് പ്രൊപ്പോസറിന്റെ അതേ സീനിയോറിറ്റി നൽകുന്നു
- Premium Waiver Benefit -പ്രൊപ്പോസർക്ക് അപകടമരണം സംഭവിക്കുകയോ അല്ലെങ്കിൽ ക്രിട്ടിക്കൽ ഇൽനസ് സ്ഥിതീകരിച്ചാൽ അടുത്ത റിന്യൂവൽ പ്രീമിയം മുഴുവനായും ഒഴിവാക്കി കൊടുക്കും.
- No Claim Bonus- ഓരോ ക്ലെയിം ഇല്ലാത്ത വർഷവും ബേയ്സ് കവറേജിന്റെ 50% കൂടുതൽ കവറേജ് ലഭിക്കുന്നു.

**സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് ഏജൻസി എടുക്കുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.**

**9495783201**



# സ്നേഹസ്മരണയ്ക്ക്



## 1–ാം ചരമവാർഷികം



## പുതുശ്ശേരി കാട്ടാളൻ കൊച്ചന്തോണി

# ജോണി

ജനനം : 10-05-1945 മരണം : 12-03-2025

"ഞാനാണ് പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും". (യോഹ : 11:25)

'നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ'

പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ

യൂണിറ്റ് - 60

# സ്നേഹസ്മരണയ്ക്ക്

## 6–ാം ചരമവാർഷികം
## (26. 03. 2026)



പുതുശ്ശേരി കാട്ടാളൻ

**ജോർജ്ജ്**

ജനനം : 01–07–1936
മരണം : 21–09–2018



പുതുശ്ശേരി കാട്ടാളൻ ജോർജ്ജ് ഭാര്യ

**താണ്ടു ടീച്ചർ**

ജനനം : 30–03–1942
മരണം : 26–03–2020



## 3–ാം ചരമവാർഷികം
## (23. 03. 2026)

പുതുശ്ശേരി കാട്ടാളൻ ബോബി

ഭാര്യ **ജാൻസി ടീച്ചർ**

(കണ്ണൂക്കാടൻ കുടുംബാംഗം, വെള്ളാഞ്ചിറ)

മുൻ ഹെഡ്മിസ്ട്രസ്, ഗവ. ബോയ്സ് ഹൈസ്കൂൾ, ചാലക്കുടി

ജനനം : 08-05-1970
മരണം : 23-03-2023

സ്നേഹിച്ചു മതിയാകും മുമ്പ് ഞങ്ങളെ വിട്ടകന്ന
അമ്മയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട്

മക്കൾ ഫെലിക്സ് ബോബി, പയസ് ബോബി

യൂണിറ്റ് - 62. സെന്റ് ഡാമിയൻ



# വിശുദ്ധ യൗസേപ്പ് പിതാവ്

തിരുനാൾ : മാർച്ച് 19

ദാവീദിന്റെ വംശത്തിൽപ്പെട്ട ഒരു മരപ്പണിക്കാരൻ എന്നതിലുമുപരിയായി ദൈവീക നിയോഗമനുസരിച്ച് രക്ഷകന്റെ മാതാവിന്റെ ജീവിത പങ്കാളിയാകുവാനുള്ള അനുഗ്രഹം ലഭിച്ച വ്യക്തിയായിരിന്നു വിശുദ്ധ യൗസേപ്പ്. വിശുദ്ധ യൗസേപ്പിന്റെ ഈ വിശേഷ ഭാഗ്യത്തെ ഒറ്റ വാക്യത്തിൽ പറഞ്ഞാൽ "യേശുവിന്റെ വളർത്തച്ഛൻ" എന്നു വിശേഷിപ്പിക്കാം. വെറുമൊരു മനുഷ്യനെന്നതിൽ ഉപരിയായി, ഭൂമിയിൽ പിതാവിന്റെ അമൂല്യ നിധികളായ യേശുവിനേയും മറിയത്തേയും വിശ്വസ്തതയോടുകൂടി സംരക്ഷിക്കുകയും കാത്തുപാലിക്കുകയും ചെയ്ത മഹത് വ്യക്തിയായി വിശുദ്ധ ലിഖിതങ്ങളിൽ അദ്ദേഹത്തെ ചിത്രീകരിച്ചിരിക്കുന്നു.

ഒരുപക്ഷേ, മറിയത്തിന്റെ ഗർഭത്തേക്കുറിച്ച് ആദ്യമായി അറിഞ്ഞ നിമിഷമായിരിക്കാം വിശുദ്ധ യൗസേപ്പിന്റെ ജീവിതത്തിലെ ഏറ്റവും ഇരുണ്ട മുഹൂർത്തം. എന്നാൽ യാതനയുടെ ഈ നിമിഷത്തിൽ വിശുദ്ധ യൗസേപ്പ് തന്റെ മഹത്വം പ്രകടമാക്കി. യൗസേപ്പ് പിതാവിന്റെ സഹനങ്ങളും മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പിൽ കാതലായ പങ്ക് വഹിച്ചിട്ടുണ്ട്. കന്യകയിൽ നിന്നുമുള്ള മിശിഹായുടെ ദൈവീക ജനനത്തിനു എല്ലാക്കാലത്തേക്കും അദ്ദേഹം ഒരു വിശ്വസ്ത സാക്ഷിയായിരുന്നു.

വിശുദ്ധ യൗസേപ്പിന്റെ മരണത്തേക്കുറിച്ച് വേദപുസ്തകത്തിൽ ഒന്നും തന്നെ പറയുന്നില്ല, എന്നിരുന്നാലും യേശുവിന്റെ പരസ്യജീവിതത്തിനു മുൻപായി അദ്ദേഹം മരണമടഞ്ഞിരിക്കാം. യേശുവിന്റേയും മാതാവിന്റേയും കൈകളിൽ കിടന്നുകൊണ്ടുള്ള ഒരു മനോഹരമായ മരണമായിരിന്നു അദ്ദേഹത്തിന്റേതെന്ന് ചരിത്രകാരന്മാർ പറയുന്നു. എളിമയോടും, ആരാലും അറിയപ്പെടാതേയും നസറത്തിൽ ജീവിച്ചു, ഒടുവിൽ നിശബ്ദനായി അദ്ദേഹം മരണപ്പെട്ടപ്പോഴും, സഭാചരിത്ര താളുകളുടെ പിൻതാളുകളിൽ മാത്രമായി അദ്ദേഹം ഒതുങ്ങി. പതിനഞ്ചാം നൂറ്റാണ്ട് മുതലാണ് യൗസേപ്പ് പിതാവിന് പ്രാർത്ഥനാപരമായ ആദരവ് നൽകപ്പെട്ടത്. ഇതിനുശേഷമുള്ള കാലങ്ങളിലാണ് വലിയ രീതിയിലുള്ള ആദരവ് അദ്ദേഹത്തിന് നൽകപ്പെട്ടു തുടങ്ങിയത്. സ്വീഡനിലെ വിശുദ്ധ ബ്രിജിഡും, സിയന്നായിലെ ബെർണാഡിനും, വിശുദ്ധ തെരേസായും അദ്ദേഹത്തോടുള്ള വണക്കം പ്രചരിപ്പിക്കുകയും, പരിപോഷിപ്പിക്കുകയും ചെയ്തു.

ആഗോള കത്തോലിക്കസഭയിൽ, യൗസേപ്പ് പിതാവിന്റെ ആദരണാർത്ഥം രണ്ട് വലിയ

എന്റെ മകനേ, നീ കർത്തൃശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിക്കൊള്ളുക. (പ്രഭാ.2:1)

**പകുതി വിലയ്ക്ക് ഒരു കണ്ണട ലഭിക്കുമ്പോൾ വലിയ വില കൊടുത്ത് രണ്ടെണ്ണം വാങ്ങണോ?**

കണ്ണട വാങ്ങുമ്പോൾ എപ്പോഴും അന്വേഷിച്ച് വാങ്ങണം

പ്രോഗ്രസ്സീവ് ലെൻസ് പർച്ചേയ്സ് ചെയ്യുമ്പോൾ
ഫ്രെയിം ഫ്രീ

മികച്ച കണ്ണടകൾ മിതമായ വിലയിൽ
അന്നും ഇന്നും എന്നും ചിറ്റിലപ്പിള്ളി തന്നെ

CO
**CHITTILAPPILLY OPTICALS**

Embrace Your Unique Vision

• CONTACT LENS • SUN GLASS • COMPUTERISED EYE CLINIC

10% മുതൽ 25% വരെ ഡിസ്കൗണ്ട്



JAIN TOWER, SOUTH CHALAKUDY
Ph : 0480-2706528, Mob : 9447380258
Bye-pass Road, Opp, Chembakassery Theatre, Irinjalakuda

Consultant Opthalmologist
Dr. Amrita John MBBS, DO
Time : 9am to 12 noon

• എന്നും വിശ്വസിക്കാവുന്ന സ്ഥിരതയുള്ള സ്ഥാപനം • കണ്ണടകൾക്ക് വരുമ്പോൾ ചിറ്റിലപ്പിള്ളി തന്നെ എന്ന് ഉറപ്പുവരുത്തുക. • കണ്ണ് ടെസ്റ്റ് ചെയ്യുന്നത് ക്വാളിഫൈഡ് ഒപ്റ്റോമെട്രിസ്റ്റ് ആണോ എന്ന് ഉറപ്പുവരുത്തുക • ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധന സർട്ടിഫിക്കറ്റ് കൺസൾട്ടിംഗ് ഫീ 150 രൂപ • പ്രോഗ്രസ്സീവ് ലെൻസ് വാങ്ങുമ്പോൾ Authenticity Card ചോദിച്ചു വാങ്ങുക

• FREE TAX • GOOD SELECTION • CERTIFIED OPTICAL SHOP • FREE MEMBERSHIP • FREE FITTING




## സ്നേഹസ്മരണയ്ക്ക്

28-ാം ചരമവാർഷികം



കുരിശിങ്കൽ ഔസേപ്പ് മകൻ

## തോമസ്

ജനനം : 10 – 10 – 1936
മരണം : 23 – 03 – 1998

"നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും ഓർക്കണമേ."

ഞാൻ അവിടുത്തെ കരുണയിൽ ആശ്രയിക്കുന്നു. എന്റെ ഹൃദയം അങ്ങയുടെ രക്ഷയിൽ ആനന്ദംകൊള്ളും. (സങ്കീ. 13:5)

തിരുനാളുകൾ ആഘോഷിക്കപ്പെടുന്നു. ഒന്നാമത്തേത് മാർച്ച് 19നാണ്. ഈ ദിവസത്തെ തിരുനാളിൽ മനുഷ്യവംശത്തിന്റെ വീണ്ടെടുപ്പ് പ്രക്രിയയിൽ വിശുദ്ധനുള്ള പങ്കിനെപ്പറ്റി നാം അനുസ്മരിക്കുന്നു. മെയ് 1ന് ആഘോഷിക്കപ്പെടുന്ന രണ്ടാമത്തെ തിരുനാളിൽ ലോകം മുഴുവനുമുള്ള തൊഴിലാളികളുടെ മദ്ധ്യസ്ഥനായ യൗസേപ്പിതാവിനെ അനുസ്മരിക്കുകയും, സാമൂഹ്യവ്യവസ്ഥതിയിൽ മാനുഷിക അവകാശങ്ങളെയും, കടമകളെയും പക്ഷപാതരഹിതമായ രീതിയിൽ നിലനിർത്തുവാൻ വേണ്ടി അദ്ദേഹത്തോട് മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്നു. ആഗോള സഭയുടെ മദ്ധ്യസ്ഥനാണ് വിശുദ്ധ യൗസേപ്പ് പിതാവ്. അദ്ദേഹം മരിക്കുമ്പോൾ യേശുവും മറിയവും മരണകിടക്കയുടെ സമീപത്ത് ഉണ്ടായിരുന്നതിനാൽ മരണശയ്യയിൽ കിടക്കുന്നവരുടെ മദ്ധ്യസ്ഥനുമാണ് വിശുദ്ധ യൗസേപ്പ്. കൂടാതെ പിതാക്കന്മാരുടേയും, മരപ്പണിക്കാരുടേയും, സാമൂഹ്യനീതിയുടേയും മദ്ധ്യസ്ഥനായി അദ്ദേഹത്തെ കണക്കാക്കുന്നു. വിശുദ്ധ യൗസേപ്പിന്റെ നാമധേയത്തിൽ നിരവധി സന്യാസീ-സന്യാസിനീ സമൂഹങ്ങളുണ്ട്.

**വിശുദ്ധ യൗസേപ്പിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ:**

അമേരിക്ക, ഓസ്ട്രിയ, ബാറ്റൺ റോഗ് അതിരൂപത, ലൂയിസിയാന, കാലിഫോർണിയ, ബെൽജിയം; ബൊഹേമിയ, ബർസാർസ്, കാനഡാ, ക്രൊയേഷ്യൻ ജനത (1687ൽ ക്രൊയേഷ്യൻ പാർലിമെന്റിന്റെ ഉത്തരവനുസരിച്ച്), ഫ്ളോറെൻസ്, ഇറ്റലി, കൊറിയ, ലാ ക്രോസ്സെ രൂപത, വിസ്കോൺസിൻ, ലൂയീസ്‌വില്ലെ അതിരൂപത, കെന്റക്കി, മാഞ്ചസ്റ്റർ രൂപത, ന്യൂ ഹാംപ്ഷയർ, മെക്സിക്കോ, നാഷ്‌വില്ലെ രൂപത, ടെന്നെസീ, ന്യൂ ഫ്രാൻസ്, ന്യൂ വേൾഡ്, ഒബ്ലേറ്റ്സ് ഓഫ് സെന്റ് ജോസഫ് സഭ, സാൻ ജോസ് രൂപതസിയൂക്സ് ഫാൾസ് രൂപത, സൗത്ത് ദക്കോട്ടസിറിയ, ഓസ്ട്രിയ, ഇറ്റലിയിലെ ടൂറിൻ, ഓസ്ട്രിയയിലെ ടിറോൾ, വെർജീനിയയിലെ പടിഞ്ഞാറൻ ചാൾസ്റ്റോൺ.

**വിശുദ്ധ യൗസേപ്പിന്റെ മദ്ധ്യസ്ഥതയ്ക്കു സമർപ്പിച്ചിരിക്കുന്ന മേഖലകൾ:**

സംശയം മടി മുതലായവ അടിമപ്പെട്ടവർക്ക്, പെട്ടി നിർമ്മാതാക്കൾ, മരാശാരിമാർ, കരകൗശലക്കാർ, മരണശയ്യയിൽ കിടക്കുന്നവർ, അന്യദേശത്ത് താമസിക്കുന്നവർ, എഞ്ചിനീയർമാർ, ഗർഭിണികളുടെ, കുടുംബങ്ങളുടെ, പിതാക്കന്മാർ, യോഗ്യമായ മരണത്തിന്, വിശുദ്ധ മരണത്തിന്, ഭവനം നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നവർ, അഭയാർത്ഥികൾ, ആന്തരിക ആത്മാക്കളുടെ, തൊഴിലാളികൾ, ആശയക്കുഴപ്പത്തിലുള്ളവർ, കമ്മ്യൂണിസത്തിനെതിരെ പോരാടുന്നവർ, പെറു, വഴിയൊരുക്കുന്നവർ, തിരുസഭയുടെ സംരക്ഷണത്തിന്, സാമൂഹ്യ നീതി, യാത്ര ചെയ്യുന്നവർ, ജനിക്കാനിരിക്കുന്ന കുട്ടികൾ, ആഗോള സഭ, വത്തിക്കാൻ II, വിയറ്റ്നാം, വീലിംഗ് രൂപത, വീൽറൈറ്റ്സ്, തൊഴിലാളികൾ, തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ.

*കടപ്പാട് : പ്രവാചകശബ്ദം*

## വിശേഷ ദിനങ്ങൾ

**മാർച്ച്**

1 അന്താരാഷ്ട്ര വധശിക്ഷ വിരുദ്ധദിനം
4 ദേശീയ സുരക്ഷാദിനം
5 മൈക്കൽ ആഞ്ചലോയുടെ ജന്മദിനം
8 അന്തർദേശീയ വനിതാദിനം
15 അന്തർദേശീയ വികലാംഗദിനം
16 വാക്സിനേഷൻ ദിനം
18 വി. സിറിൽ
19 വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
20 അങ്ങാടിക്കുരുവികൾക്കായുള്ള രാജ്യാന്തരദിനം
23 ലോകകാലാവസ്ഥാദിനം
25 മംഗളവാർത്ത തിരുനാൾ
27 ലോകനാടകദിനം

ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം (മത്താ.16:26)

## സ്നേഹസ്മരണയ്ക്ക്


4-ാം ചരമവാർഷികം



## കാഞ്ഞിരത്തിങ്കൽ ഡേവിഡ്
## ജേക്കബ്

ജനനം : 16.11.1966 മരണം : 24.03.2022

'ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു.
മരണശേഷവും നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും സ്മരിക്കേണമെ.'



## സ്നേഹസ്മരണയ്ക്ക്

13-ാം ചരമവാർഷികദിനം

## കുണ്ടുകുളങ്ങര
## പൗലോസ് ജോസഫ്

ജനനം: 18.05.1940 മരണം: 17.03.2013

യൂണിറ്റ് – 17
അപ്പച്ചന്റെ മരിക്കാത്ത ഓർമ്മകൾക്ക് മുമ്പിൽ

പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ

അനീതിയായ കോപത്തിന് ന്യായീകരണമില്ല. (പ്രഭാ. 1:22)

# സ്നേഹസ്മരണയ്ക്ക്

## 1-ാം ചരമവാർഷികം





## വിതമറ്റത്തിൽ ചെങ്ങിനിമറ്റം ചാക്കുണ്ണി മകൻ

# ജോസ്

ജനനം : 17-03-1940 മരണം : 20-03-2025

ഞാൻ നിങ്ങളിൽ നിന്നും അകന്നു പോയെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും ഓർക്കണമെ.


സ്നേഹസ്മരണയ്ക്ക്
നമ്പാടൻ ജോസഫ് മകൻ
കുരിയപ്പൻ
ജനനം: 15.10.1934 മരണം: 15.01.2013
നമ്പാടൻ കുരിയപ്പൻ ഭാര്യ
ബേബി കുരിയൻ
ജനനം: 10.03.1946 മരണം: 24.03.2016
ജീവിച്ചിരുന്നപ്പോൾ നിങ്ങൾ ഞങ്ങളെ സ്നേഹിച്ചു
ഞങ്ങളുടെ മരണശേഷവും നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളേയും സ്മരിക്കേണമെ



# പാവനസ്മരണയ്ക്ക്

## 2-ാം ചരമവാർഷികം





മാളിയേക്കൽ ചെതലൻ ജോർജ്ജ് (ഇട്ടൂപ്പ്) ഭാര്യ

# തങ്കമ്മ

ജനനം : 15-10-1934 മരണം : 16-02-2024

ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു
മരണശേഷവും നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നേയും ഓർക്കണമേ.

# അമ്പുതിരുനാൾ 2026








Chungath Jewellery







# സ്നേഹസ്മരണയ്ക്ക്

## 3–ാം ചരമവാർഷികം



## ആലപ്പാട്ട് കുഞ്ഞുവറീത് മകൻ

# പോൾസൺ



ജനനം : 17.05.1956        മരണം : 23.03.2023

ജീവിതത്തിലെ അന്ത്യദിനംവരെ ആ കൈകൾ ഞങ്ങൾക്കുവേണ്ടി അധ്വാനിച്ചു,
ആ മനസ്സിലെ പ്രകാശം ഞങ്ങൾക്കു പകർന്നുതന്നു;
ആ മനസ്സിലെ സ്നേഹംകൊണ്ട് ഞങ്ങളെ നിറച്ചു.


ദുഃഖാർത്ഥരായ കുടുംബാംഗങ്ങൾ...

ഭാര്യ : ലൈസ പോൾസൺ,   മക്കൾ : ടിനു, ജോപോൾ,   മരുമക്കൾ : മൈജോ, മരിയ



# സ്നേഹസ്മരണയ്ക്ക്

## 3-ാം ചരമവാർഷികം



## അരിമ്പിള്ളി

# എ.എ. ജോണി

ജനനം : 27-07-1944 മരണം : 26-03-2023

"അല്പം ഓർമ്മകളും വേർപാടിന്റെ വേദനകളും നിങ്ങൾക്ക് നൽകി ഞാൻ കടന്നുപോകുമ്പോൾ
പ്രിയപ്പെട്ടവരെ ആശ്വസിക്കുവിൻ, ദൈവസന്നിധിയിൽ നമുക്ക് ഒരുമിക്കാം.
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ."



# സ്നേഹസ്മരണയ്ക്ക്

## 24-ാം ചരമവാർഷികം


### കല്ലേലി ലോനപ്പൻ

# പൗലോസ്

ജനനം : 17 – 05 – 1929

മരണം : 14 – 03 – 2002

"അല്പം ഓർമ്മകളും വിരഹവേദനകളും
നൽകി ഞാൻ കടന്നുപോകുന്നു.
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെ വിസ്മരിക്കരുത്."



# സ്നേഹസ്മരണയ്ക്ക്

## 5-ാം ചരമവാർഷികം

### മേനാച്ചേരി

# കുഞ്ഞുവറീത്

ജനനം: 27.12.1943

മരണം: 14.03.2021

സ്നേഹമുള്ള നിങ്ങളോട് ഞാൻ യാത്രപറയുന്നു.
ഇനി ഞാൻ നിങ്ങളുടെ ഓർമ്മകളിലും പ്രാർത്ഥനകളിലും മാത്രം.

പ്രാർത്ഥനയോടെ,
കുടുംബാംഗങ്ങൾ...



# ഫാ. തെയോഫിൻ പാണ്ടിപ്പിള്ളി ധന്യൻ പദവിയിൽ

തന്റെ ജീവിത കാലത്തുതന്നെ 'പുണ്യാളനച്ച്'നെന്ന വിളി പേര് സ്വന്തമാക്കുകയും തീക്ഷ്ണതയാർന്ന പ്രവർത്തനങ്ങളും കൊണ്ട് കേരള ഫ്രാൻസിസ് സേവ്യറെന്നും അറിയപ്പെട്ട കപ്പൂച്ചിൻ വൈദികൻ തെയോഫിൻ പാണ്ടിപ്പിള്ളിയെ, ധന്യൻ പദവിയിലേക്ക് ലെയോ പതിനാലാമൻ പാപ്പ ഉയർത്തി. ഇത് സംബന്ധിച്ച ഡിക്രി, വിശുദ്ധരുടെ നാമകരണ കാര്യങ്ങൾക്കായുള്ള ഡിക്കാസ്റ്ററി ഫെബ്രുവരി ഇരുപത്തിയൊന്നാം തീയതി പാപ്പായുടെ അംഗീകാരത്തോടെ പ്രസിദ്ധപ്പെടുത്തി.

1913 ജൂലൈ ഇരുപതാം തീയതി കോട്ടപ്പുറത്താണ് ധന്യൻ തെയോഫിൻ ജനിച്ചത്. മൈക്കൽ എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ച അദ്ദേഹം, 1929 ൽ വരാപ്പുഴ അതിരൂപതയുടെ മൈനർ രൂപത സെമിനാരിയിൽ ചേർന്നു. തുടർന്ന്, ഫ്രാൻസിസ് അസീസ്സിയുടെ തീക്ഷ്ണമായ ജീവിതത്തെയും ആത്മീയതയെയും കുറിച്ചുള്ള ആഴത്തിലുള്ള ഗ്രാഹ്യം അദ്ദേഹത്തെ കപ്പൂച്ചിൻ സന്യാസ സമൂഹത്തിലേക്ക് നയിച്ചു. 1933 ഒക്ടോബർ 31ന് അദ്ദേഹം കപ്പൂച്ചിൻ സന്യാസ സമൂഹാംഗമായി മാറുകയും, തെയോഫിൻ എന്ന നാമം സ്വീകരിക്കുകയും ചെയ്തു. 1941 ഏപ്രിൽ 20ന് വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു.

ഏറ്റവും ആദരണീയനായ കപ്പൂച്ചിൻ പ്രാസംഗകരിൽ ഒരാളായി കണക്കാക്കപ്പെട്ടിരുന്ന അദ്ദേഹം ദാരിദ്ര്യത്തിന്റെ ആത്മാവിനെ എപ്പോഴും തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി. ഒരു അധ്യാപകനെന്ന നിലയിൽ അദ്ദേഹം എപ്പോഴും ശ്രദ്ധാലുവും വിദ്യാർത്ഥികളുടെ ആശയക്കുഴപ്പങ്ങളും സംശയങ്ങളും വ്യക്തമാ

ക്കാൻ സന്നദ്ധനുമായിരുന്നു. 55 വർഷത്തെ ജീവിതത്തിൽ 27 വർഷവും പൗരോഹിത്യജീവിതത്തിനായി ഉഴിഞ്ഞുവച്ചു. തന്നെ കാണുന്നവർക്ക് ക്രിസ്തുവിന്റെ സമാശ്വാസം പകർന്നു നൽകി.

ജീവിതത്തിന്റെ അവസാനത്തെ 10 വർഷം അദ്ദേഹം ചെലവഴിച്ചത് പൊന്നുരുന്നിയിലെ ആശ്രമത്തിലായിരുന്നു. ആശ്രമവും വിശുദ്ധ പത്താം പീയൂസ് ദേവാലയവും പണിതുയർത്തിയത് അച്ചന്റെ നേതൃത്വത്തിലായിരുന്നു. എത്ര അസുഖമായിരുന്നാലും തന്നെ ആവശ്യമുള്ളിടത്തൊക്കെ അദ്ദേഹം ഓടിയെത്തി, 1968 ഏപ്രിൽ 4ന് നിത്യസമ്മാനത്തിന് യാത്രയായി. 2001 ഏപ്രിൽ 5ന് ഫാ.തിയോഫിനെ ദൈവദാസനായി വത്തിക്കാൻ തിരുസംഘം പ്രഖ്യാപിച്ചു.

*കടപ്പാട് : പ്രവാചകശബ്ദം* ■


# ചാലക്കുടി-വേളാങ്കണ്ണി ബസ് അനുവദിച്ചു





ചാലക്കുടി സെന്റ് മേരീസ് ഫൊറോനാ പള്ളി കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ വികാരി വർഗീസ് പാത്താടനച്ചൻ, കേന്ദ്രസമിതി പ്രസിഡന്റ് ജോസി കോട്ടേക്കാരൻ, ട്രഷറർ മിഥുൻ മാത്യൂസ്, രൂപത കേന്ദ്രസമിതി മെമ്പർ ജോഷി പുത്തരിക്കൽ എന്നിവരുടെ നേതൃത്വത്തിൽ കുടുംബയൂണിറ്റ് ഭാരവാഹികളും ഇടവകാംഗങ്ങളും കൂടി, ചാലക്കുടിയിൽ നിന്ന് ആരംഭിച്ച് വേളാങ്കണ്ണിയിലേക്ക് സർവീസ് നടത്തുന്ന ഒരു ബസ് വേണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട്, കെ.എസ്.ആർ.ടി.സി സ്റ്റാൻഡിൽ എത്തിയ കേരള ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ, ചാലക്കുടി എം.എൽ.എ സനീഷ് കുമാർ ജോസഫ് എന്നിവർക്ക് നിവേദനം നൽകി. ഗതാഗതമന്ത്രി കെ.ബി ഗണേഷ് കുമാർ ഈ ആവശ്യം അംഗീകരിക്കുകയും ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി എല്ലാ വെള്ളിയാഴ്ച യിലും ഒരു ബസ് വേളാങ്കണ്ണിയിലേക്ക് സർവീസ് നടത്തുന്നതിന് അനുവദിച്ചു നൽകുകയും ചെയ്തു. ചാലക്കുടിയിലെ പുതിയ ബസ് ടെർമിനലിന്റെ നിർമ്മാണോദ്ഘാടന പ്രസംഗത്തി ലാണ് അദ്ദേഹം ഈ പ്രഖ്യാപനം നടത്തിയത്.

ഞാൻ സ്നേഹിക്കുന്നവരെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യും. (വെളി 3:19)



# നോമ്പ്

ഉഷ ടീച്ചർ



അമ്പത് നോമ്പ്, വലിയ നോമ്പ്... ഈ കാലഘട്ടത്തിലൂടെ നാം കടന്നു പോയിക്കൊണ്ടിരിക്കുകയാണല്ലോ. ദൈവത്തോടൊപ്പം ആയിരിക്കുന്ന സമയം. പ്രായശ്ചിത്ത പ്രവർത്തികളുടെ ദിനങ്ങൾ. 'നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും, അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും (മത്തായി 6: 33). ഈ നോമ്പുകാലത്ത് നാം ചെയ്യേണ്ടത് അതുതന്നെയാണ്. എനിക്ക് ഈ ലോകത്ത് ഒരു രാജ്യമുണ്ട്, അവിടെ നിന്നൊന്നു മാറി ദൈവത്തിന്റെ രാജ്യത്തിലേക്ക് ചേർന്നിരിക്കേണ്ട സമയം. ഇന്ന് ഈ നോമ്പിന്റെ നാളിൽ കർത്താവ് നമുക്ക് തരുന്ന വചനം. ജോയേൽ പ്രവാചകന്റെ പുസ്തകം രണ്ടാം അദ്ധ്യായം പതിമൂന്നാം തിരുവചനം, 'നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്. നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങുവിൻ'. ഈ വചനത്തിൽ രണ്ടു കാര്യങ്ങളാണ് പറയുന്നത്... ഒന്ന് – ഹൃദയവും, രണ്ട് – വസ്ത്രവും. വിശുദ്ധ ബൈബിളിൽ ദൈവത്തിന്റെ വചനത്തിൽ ഏതൊരു കാര്യവും മനുഷ്യൻ ചെയ്യുമ്പോഴും പരിശുദ്ധാത്മാവിന് അതിന്റെ പിന്നിൽ വലിയ രഹസ്യങ്ങളുണ്ട്. ഇവിടെ ഹൃദയവും വസ്ത്രവും എന്നു പറഞ്ഞതിലും വലിയ ഒരു രഹസ്യം ഒളിഞ്ഞിരിപ്പുണ്ട്. എന്താണത്? ഒന്ന് – ഹൃദയം എന്നു പറഞ്ഞാൽ ആർക്കും കാണാൻ കഴിയില്ല, എന്നാൽ വസ്ത്രം എല്ലാവർക്കും കാണാൻ കഴിയും. രണ്ട് – ഹൃദയത്തിന് ജീവനുണ്ട്, വസ്ത്രത്തിന് ജീവനില്ല.

ആദ്യ കാര്യത്തെ ധ്യാനിക്കുമ്പോൾ – ഹൃദയത്തെ ആർക്കും കാണാൻ കഴിയില്ല, വസ്ത്രത്തെ കാണാം. ഈ നോമ്പിന്റെ നാളിൽ തിരുസഭ നമ്മെ പഠിപ്പിക്കുന്നുണ്ട്: പ്രാർത്ഥന, ദാനധർമ്മം, ഉപവാസം എന്നിവ. ചിലർ നോമ്പെടുക്കുന്നത് എല്ലാവരും അറിയും. മറ്റുള്ളവർ കാൺകേ എടുക്കുന്ന നോമ്പ്, അത് വസ്ത്രം പോലെ എടുക്കുന്ന നോമ്പാണ്. അവിടെ അവർ വസ്ത്രമാണ് കീറുന്നത്. മനുഷ്യർ കാൺകേ, മനുഷ്യർ അറിഞ്ഞ് എടുക്കുന്ന നോമ്പുകൾ ദൈവസന്നിധിയിൽ എത്തുകയില്ല. മനുഷ്യൻ കാണുന്നത് ദൈവം കാണുന്നില്ല; മനുഷ്യൻ കാണാത്തതാണ് ദൈവം കാണുന്നത്. എന്നാൽ ഹൃദയം കീറിമുറിക്കുക എന്ന് പറഞ്ഞാൽ നമ്മൾ ഹൃദയത്തിന്റെ ഉള്ളിൽ എടുക്കുന്ന തീരുമാനം: ഞാൻ ഇനി ആരെയും കുറ്റം പറയുകയില്ല, പരദൂഷണം പറയുകയില്ല, അത് ഹൃദയത്തിൽ എടുക്കുന്ന തീരുമാനം; അത് ദൈവം കാണുന്നു. ഞാൻ ഇനി കാരുണ്യ പ്രവർത്തികൾ ചെയ്യും,

അവിടുത്തെ കോപം നിമിഷനേരത്തേയ്ക്കേ ഉള്ളൂ. അവിടുത്തെ പ്രസാദം ആജീവനാന്തം നിലനിൽക്കുന്നു. (സങ്കീ. 30:5)

പാവപ്പെട്ടവരെ സഹായിക്കും, സുവിശേഷ പ്രവർത്തനങ്ങളെ സഹായിക്കും; ഇതെല്ലാം ഹൃദയത്തിൽ എടുക്കുന്ന തീരുമാനങ്ങളാണ്. സാധിക്കുന്ന ദിവസങ്ങളിൽ വിശുദ്ധ ബലിയിൽ പങ്കെടുക്കും, ആഴ്ചയിലോ രണ്ടാഴ്ച്ചയിൽ ഒരിക്കലെങ്കിലോ വിശുദ്ധ കുമ്പസാരം എന്ന കൂദാശയിലേക്ക് ഞാൻ പ്രവേശിക്കും, എല്ലാ ദിവസവും കുടുംബ പ്രാർത്ഥന ഉണ്ടായിരിക്കും; ഇവയെല്ലാം ഹൃദയത്തിൽ എടുക്കുന്ന തീരുമാനങ്ങളാണ്. ഇവയെല്ലാം മനുഷ്യൻ കാണുന്നില്ല, അറിയുന്നില്ല, പക്ഷേ ദൈവം അത് കാണുന്നുണ്ട്.

രണ്ടാമത്തെ കാര്യം - ഹൃദയത്തിന് ജീവനുണ്ട്, വസ്ത്രത്തിന് ജീവനില്ല. ജീവനുള്ള ദൈവത്തിന്റെ മുമ്പിൽ ജീവനുള്ള മനുഷ്യൻ നൽകുന്ന വിലയാണ് നോമ്പ്, പ്രാർത്ഥന, ഉപവാസം എന്നിവ. നോമ്പുകാലത്തെക്കുറിച്ച് ലിയോ പതിനാലാമൻ മാർപാപ്പ സഭാമക്കളെ ഓർമ്മിപ്പിക്കുന്നത് മൂന്നു കാര്യങ്ങളാണ്;

1) ശ്രദ്ധയോടെ മറ്റുള്ളവരെ കേൾക്കുക.
2) അർത്ഥവത്തായി ഉപവസിക്കുക.
3) ഒരുമിച്ച് നടക്കുക.

വി. അഗസ്തിനോസ് പറയുന്നു, 'നോമ്പ് പ്രാർത്ഥനയുടെ ശക്തിയും ധർമ്മദാനത്തിന്റെ അടിത്തറയുമാണ്'. മാർ അപ്രേം പറയുന്നു, 'ഉപവാസത്തിന്റെ വിഷയം വെറും അപ്പം മാത്രമായി ഒതുക്കരുത്. അനീതി ഇല്ലാതാക്കാനും, വിശക്കുന്നവനെ നമുക്കൊപ്പം മേശയിൽ ഇരുത്താനുമുള്ളതാണ് ഉപവാസം'. അതിനാൽ നമ്മുടെ മനസ്സിലെ എല്ലാ വിചാരങ്ങളും നമുക്ക് കഴുകി വിശുദ്ധീകരിക്കാം. നമ്മുടെ പാപങ്ങളുടെ മാലിന്യങ്ങളെല്ലാം അനുതാപത്തിന്റെ കണ്ണുനീരാൽ കഴുകുകയും ശുദ്ധീകരിക്കുകയും ചെയ്യാം. വിനയമുള്ള ആത്മാവും പശ്ചാത്തപിക്കുന്ന മനസ്സുമുള്ളവരായിത്തീരുകയും പരിഹാര പ്രവൃത്തികളോട് ചേർന്ന് നമ്മെത്തന്നെ കറയില്ലാത്തതും സ്വീകാര്യവുമായ ബലിവസ്തുവായി ഈശോ മിശിഹായ്ക്ക് സമർപ്പിക്കുകയും ചെയ്യാം. ■




അന്വേഷിച്ചറിയാതെ കുറ്റം ആരോപിക്കരുത്. (പ്രഭാ. 11:7)

# സ്നേഹസ്മരണയ്ക്ക്

## 9-ാം ചരമവാർഷികം





## അറയ്ക്കൽ മാളക്കാരൻ അന്തോണി

# ആന്റണി

ജനനം : 27.09.1952 മരണം : 02.03.2017

ഇന്നെൻ സ്വരം നിലച്ചുവെങ്കിലും ഈ സ്വരം ശ്രവിച്ചവരോട്
ഒരു യാത്രാമൊഴി ചൊല്ലുവാനായില്ലെങ്കിലും
ഓർക്കുമ്പോൾ പ്രാർത്ഥിക്കുവാനും പ്രാർത്ഥിക്കുമ്പോൾ ഓർക്കുവാനും
എനിക്കു നിങ്ങളില്ലേ.....


സ്നേഹസ്മരണയ്ക്ക്
മൽപ്പാൻ കോരത്
അന്തോണി
ജനനം:16.02.1924
മരണം: 19.03.2019
മൽപ്പാൻ അന്തോണി ഭാര്യ
ഏല്യക്കുട്ടി
ജനനം:12.05.1933
മരണം: 27.08.2018
ഞങ്ങൾ നിങ്ങളിൽ നിന്നും അകന്നുപോയെങ്കിലും ഞങ്ങളുടെ സ്നേഹം എന്നും നിങ്ങളോടു കൂടെ ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാ ഒരുമിക്കുന്നതുവരെ നിങ്ങളുടെ പ്രാർത്ഥനകളിൽ ഞങ്ങളെയും സ്മരിക്കണമേ...


പാവനസ്മരണയ്ക്ക്
2-ാം ചരമവാർഷികം
തത്രത്തിൽ പൊൻമാണീസ്
ജോയ് മകൻ
ജോജോ
ജനനം : 24-10-1980
മരണം : 16-03-2024
ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു
മരണശേഷവും നിങ്ങളുടെ പ്രാർത്ഥനയിൽ എന്നേയും ഓർക്കണമേ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# സ്നേഹസ്മരണയ്ക്ക്



**17 – ാം ചരമവാർഷികം**



**മാളക്കാരൻ**

## എം. ഡി. മാത്യു

ജനനം : 25-12-1948

മരണം : 16-07-2009

**1– ാം ചരമവാർഷികം**



**മാളക്കാരൻ**

## ഷാൻ മാത്യു

ജനനം : 08-11-1980


മരണം : 10-03-2025

ഞാനാണ് പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും
(യോഹ: 11:25-26)

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ....

യൂണിറ്റ് – 59

# 6-ാം ചരമവാർഷികം



### വരിക്കശ്ശേരി ആളൂക്കാരൻ ജോൺ മകൻ

# എ. ജെ. ജോർജ്ജ്

ജനനം: 09.05.1935 മരണം: 08.03.2020

പ്രാർത്ഥനയോടെ... ഭാര്യ മേഴ്സി ജോർജ്ജ്

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| സ്റ്റാറി | പോളി | ഷാരോൺ, പ്രിൻസ് |
| സി. സ്റ്റാജി ജോർജ്ജ് SAL, ആന്ധ്രാപ്രദേശ് | | |
| സ്റ്റാലി | ജിൽസ് | ലിയ ജിൽസ് |
| സ്റ്റാർജിലി | ജെയ്മി | സാം, സ്റ്റീവ് |





# സ്നേഹസംഗമം 2K26
# ദാമ്പത്യം, പ്രണയജീവിതം

ജെസ്ന ഫെബിൻ

"ഭാര്യക്ക്/ഭർത്താവിന് അവസാനം ഉമ്മ കൊടുത്തത് എപ്പോഴാണ്?"

ചിലർക്ക് മറുപടി ഇന്നലെ, ഇന്ന് രാവിലെ... പക്ഷേ ചിലർക്കോ... ഓർമ്മ പോലും ഇല്ല... എന്നോ... കൊടുത്തിട്ടുണ്ട്... എന്നായിരിക്കും ചിലരുടെ മറുപടി...

ഉമ്മ കൊടുക്കുന്ന കാര്യം കേൾക്കുമ്പോ ചിലർക്ക് നാണം വന്നോ? എന്തിനാ ഇപ്പോ നാണിക്കുന്നത്? നമ്മുടെ സ്വന്തം ഭർത്താവിന് അല്ലെങ്കിൽ ഭാര്യക്ക് ഒരു ഉമ്മ കൊടുക്കുന്നതിനു ഇത്ര നാണം തോന്നേണ്ട കാര്യമുണ്ടോ? ചുംബന സമരത്തിൽ ഉമ്മ കൊടുക്കുന്നത് കണ്ടാൽ നമുക്ക് ചിലപ്പോ ചിരി വരും, നാണം വരും... എന്നാൽ എന്റെ ഭർത്താവിന് ഒരു ഉമ്മ കൊടുക്കാൻ നാണിക്കേണ്ട കാര്യമുണ്ടോ?

നമ്മുടെ ശരീരത്തിൽ ചൂട് ഉള്ളപ്പോ നല്ല ഒരു ചൂട് മുത്തം പ്രിയതമന്/പ്രിയതമക്ക് നൽകുന്നത് ആണോ നല്ലത്, തണുത്തു മരവിച്ച ശരീരത്തിൽ പോയി അന്ത്യചുംബനം നൽകുന്നത് ആണോ നല്ലത്?...

ഒന്ന് വെറുത കണ്ണ് അടച്ചേ... അയ്യോ നിക്ക് അടക്കല്ലേ? ഞാൻ പറയാം... കണ്ണ് അടച്ചിട്ടു നിങ്ങൾ ഓർക്കേണ്ടത്, നിങ്ങളുടെ കല്യാണ ദിവസം ആണ്.. ആ ദിവസം പ്രിയപ്പെട്ടവന്റെ/പ്രിയപ്പെട്ടവളുടെ കൈ പിടിച്ചപ്പോ ഉണ്ടായ സന്തോഷം, സ്വപ്നങ്ങൾ, പ്രതീക്ഷകൾ എല്ലാം ഓർക്കേണം. ഒപ്പം അന്ന് വൈദികൻ പറഞ്ഞു തന്ന് നാമേറ്റു ചൊല്ലിയ വാക്കുകളും ഓർമ്മിക്കേണം... ദുഃഖത്തിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും, സമ്പത്തിലും ദാരിദ്ര്യത്തിലും, പരസ്പര സ്നേഹത്തോടും, വിശ്വസ്തതയോടും കൂടി, ഏകമനസ്സോടെ ജീവിച്ചുകൊള്ളാമെന്നു വിശുദ്ധ സുവിശേഷം സാക്ഷിയായി ഞങ്ങൾ വാഗദാനം ചെയ്യുന്നു.'

ഒരുനിമിഷം കണ്ണടച്ച് ഓർമ്മിക്കാമോ അതൊക്കെ? അതിനുശേഷം വന്ന് ബാക്കി വായിക്കാം...

പഴയ കാര്യം ഓർമ്മമിച്ചപ്പോ മനസ്സിന് വല്ലാത്ത ഒരു സന്തോഷം തോന്നിയോ? തോന്നിയെങ്കിൽ ഇപ്പോഴും നിങ്ങൾടെ മനസ്സിൽ ആ പ്രണയം ഉണ്ട്.. പ്രിയപ്പെട്ട ഭർത്താവിന് അല്ലെങ്കിൽ ഭാര്യക്ക് അത് നൽകിയാൽ മാത്രം മതി.

ഇന്ന് പല ദമ്പതികൾക്ക് ഇടയിലും പ്രണയം നഷ്ടപ്പെട്ടിട്ടുണ്ട്... ഒരുമിച്ച് ജീവിക്കുന്നുണ്ടെങ്കിലും, പ്രണയം ഒന്നിച്ചു അനുഭവിക്കുന്നില്ല. സംസാരങ്ങൾ കുറയുന്നു... സ്പർശങ്ങൾ ഇല്ലാതാകുന്നു... 'സമയം ഇല്ല' എന്നൊരു കാരണത്തിൽ സ്നേഹം ഇല്ലാതാകുന്നു. ഒരുമിച്ച് ജീവിച്ചാലും, ഒരുമിച്ച് പ്രാർത്ഥിക്കുന്നത് കുറയുമ്പോൾ ഹൃദയങ്ങൾ തമ്മിലുള്ള ദൂരം പതുക്കെ കൂടിത്തുടങ്ങും... വിവാഹം ഒരു കരാർ അല്ല... അത് ദൈവസന്നിധിയിൽ എടുത്ത ഒരു വിശുദ്ധ വാഗ്ദാനമാണ്. അത് രണ്ടു ശരീരങ്ങളുടെ

മകനേ പാപികളുടെ പ്രലോഭനത്തിന് വഴങ്ങരുത്. (സുഭാ ൧:൮)

ബന്ധം മാത്രമല്ല... രണ്ട് ആത്മാക്കളെ ദൈവം ചേർത്തുവച്ച ഒരു വിശുദ്ധ ബന്ധമാണ്. ബൈബിളിൽ പറയുന്നു, "ദൈവം ഒന്നിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്തരുത്." അതായത്, ഈ ബന്ധത്തിന്റെ നടുവിൽ ദൈവം തന്നെയാണ് നിൽക്കുന്നത്.

പക്ഷേ നാം എന്ത് ചെയ്യുന്നു? പ്രാർത്ഥന കുറയുന്നു... ഒരുമിച്ച് ദൈവസന്നിധിയിൽ മുട്ടുകുത്തുന്നത് കുറയുന്നു... അപ്പോൾ ബന്ധത്തിൽ നിന്നുള്ള ചൂട് കുറയാൻ തുടങ്ങും... ഒരു ഉമ്മ, ഒരു ചേർത്ത് പിടിക്കൽ, "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന വാക്ക്... ഇവ സ്നേഹത്തിന്റെ അടയാളങ്ങൾ മാത്രം അല്ല, ദൈവം നൽകിയ ബന്ധത്തെ ജീവനോടെ നിലനിർത്തുന്ന അനുഗ്രഹങ്ങളാണ്. നാളെ എന്ത് സംഭവിക്കും എന്ന് നമുക്ക് അറിയില്ല... നമ്മളിൽ ആരുണ്ടെന്നോ ഇല്ലന്നോ നമുക്കറിയില്ല. പക്ഷേ ഇന്ന് ജീവിക്കുന്ന ഈ നിമിഷം ദൈവത്തിന്റെ വരദാനമാണ്. അതിനെ സ്നേഹത്തോടെ നിറയ്ക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വം ആണ്.

ദൈവം സാക്ഷിയായി എടുത്ത ആ പ്രതിജ്ഞ ഇപ്പോഴും ജീവനോടെ ഉണ്ടോ? ഇന്ന് തന്നെ അതിനെ നമുക്ക് പുതുക്കാം... ഇന്ന് തന്നെ കൈകോർക്കാം... ഇന്ന് തന്നെ ഒരുമിച്ച് പ്രാർത്ഥിക്കാം... ഒരുമിച്ച് പ്രാർത്ഥിക്കുന്ന ദമ്പതികൾ ഒരുമിച്ച് നിലനിൽക്കും. സ്നേഹം ദൈവത്തിൽ നട്ടുപിടിപ്പിച്ചാൽ, അത് ഒരിക്കലും ഉണങ്ങുകയില്ല. എന്റെ ബെസ്റ്റ് ഫ്രണ്ട് എന്റെ ഭർത്താവ്/ഭാര്യ ആണെന്ന് എത്ര പേർക്ക് പറയാൻ സാധിക്കും? എന്റെ ബെസ്റ്റ് ഫ്രണ്ട് എന്റെ ഭർത്താവ് ആണ്, അദ്ദേഹത്തിന്റെ ബെസ്റ്റ് ഫ്രണ്ട് ഞാനും... ഇങ്ങനെ നിങ്ങൾക്കും പറയാൻ കഴിയട്ടെ.

കുടുംബവർഷത്തിൽ യുവദമ്പതികളുടെ പ്രതിനിധികൾക്ക് വേണ്ടി ഫെബ്രുവരി 22 ഞായറാഴ്ച, കല്ലേറ്റുങ്കര പാക്സിൽ വച്ച് നടത്തിയ 'സ്നേഹസംഗമം 2K26' എന്ന രൂപതാതല പരിപാടിയിൽ ചാലക്കുടി ഇടവകയിലെ യൂത്ത് കപ്പിൾസിനെ പ്രതിനിധീകരിച്ചുകൊണ്ട് എനിക്കും എന്റെ പ്രിയതമനും പങ്കെടുക്കാൻ കഴിഞ്ഞു. ഇരിഞ്ഞാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ പിതാവിൽ നിന്നും ഒരു സമ്മാനവും ഏറ്റുവാങ്ങാൻ സാധിച്ചു. ഞങ്ങൾക്ക് കിട്ടിയ വലിയൊരു അനുഗ്രഹമായി കാണുന്നു.. ഈ സ്നേഹസംഗമത്തിൽ പങ്കെടുത്ത ഓരോ ദമ്പതികളും ബന്ധത്തെ പുതുക്കിയ ഒരു അനുഗ്രഹ നിമിഷം ആയിരുന്നു അത്.. നാല് സെക്ഷൻ ആയി ആണ് ക്ലാസുകൾ ഉണ്ടായിരുന്നത്... ക്ലാസുകൾ എന്ന് പറയാൻ കഴിയില്ല... ജീവിതത്തിന്റെ ഉയർന്ന മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടേഴ്സ്, ടീച്ചേഴ്സ്, അഡ്വക്കേറ്റ്സ്, ബിസിനസ്സ് ചെയ്യുന്നവർ തുടങ്ങി 5 ദമ്പതികൾ ആണ് അവരുടെ ജീവിതാനുഭവങ്ങളിലൂടെ സംസാരിച്ചത്.

ദാമ്പത്യജീവിതം ഒരു ഉത്തരവാദിത്വം മാത്രമല്ല... അത് ഒരു ദൈവദത്തമായ വാഗ്ദാനമാണ് എന്നത് വീണ്ടും മനസ്സിലാക്കാൻ ഈ ക്ലാസ് സഹായിച്ചു. ഓരോ വാക്കും, ഓരോ സാക്ഷ്യവും, ഓരോ പ്രാർത്ഥനയും ബന്ധത്തെ കൂടുതൽ അടുപ്പിച്ചു. ദാമ്പത്യജീവിതം സ്നേഹത്തിന്റെ വാഗ്ദാനം മാത്രമല്ല, ഓരോ ദിവസവും പുതുക്കേണ്ട ഒരു സമർപ്പണമാണ് എന്ന സത്യം പങ്കെടുത്ത എല്ലാവരും മനസ്സിലാക്കി.

ഓരോ വാക്കും ഹൃദയത്തെ തൊട്ടു. ഓരോ പ്രാർത്ഥനയും ബന്ധത്തെ കൂടുതൽ അടുപ്പിച്ചു. കൈകോർത്തു നിന്ന ആ നിമിഷത്തിൽ, "ദൈവം ഒന്നിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്തരുത്" എന്ന വചനത്തിന്റെ അർത്ഥം കൂടുതൽ ആഴത്തിൽ അനുഭവപ്പെട്ടു.

തിരക്കുകളും ഉത്തരവാദിത്വങ്ങളും നിറഞ്ഞ ജീവിതത്തിൽ, ഒരുമിച്ച് ഇരുന്ന് ഹൃദയം തുറന്ന് കേൾക്കാനും സംസാരിക്കാനും കിട്ടിയ ഈ സമയം വളരെ വിലപ്പെട്ടതായിരുന്നു. ഇനിയും കൂടുതൽ ദമ്പതികൾ ഇത്തരത്തിലുള്ള ആത്മീയസംഗമങ്ങളിൽ പങ്കെടുത്ത് അവരുടെ ബന്ധം കൂടുതൽ സ്നേഹപൂർവ്വവും ശക്തവുമാക്കട്ടെ.

ഒരുമിച്ചുള്ള പ്രാർത്ഥനയാണ് ഒരു കുടുംബത്തെ നിലനിറുത്തുന്ന ഏറ്റവും വലിയ ശക്തി. ദൈവം ഒന്നിപ്പിച്ച ബന്ധം, ദൈവം തന്നെയാകട്ടെ നയിക്കുന്നത്.

■

ദൈവത്തിന്റെ ഹിതം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും (മാർക്കോ 3:35)




## മാർച്ച് മാസത്തെ വചന വിചിന്തനം

### മത്തായി 13 : 18 – 30

### ഹൃദയമാകുന്ന നിലവും ദൈവത്തിന്റെ കരുണയും

**1. വിതക്കാരന്റെ ഉപമ – ഞാൻ ഏതുതരം മണ്ണാണ്? (വാക്യങ്ങൾ 18–23)**

ദൈവവചനമാകുന്ന വിത്ത് ഹൃദയത്തിൽ സ്വീകരിക്കപ്പെടുമ്പോഴുണ്ടാകുന്ന വിവിധ അവസ്ഥകളെ കർത്താവ് ഇവിടെ വിവരിക്കുന്നു. വചനം കേട്ടിട്ടും അത് ജീവിത ത്തിൽ ഫലം ചൂടാതിരിക്കുന്നത് എന്തുകൊണ്ടെന്ന് നാം ചിന്തിക്കണം. വഴിയരികിലെ കഠിനമായ മണ്ണുപോലെ നമ്മുടെ ഹൃദയം വചനത്തിന് നേരെ അടഞ്ഞുകിടക്കുകയാണോ? അതോ പാറപ്പു റത്തെ മണ്ണുപോലെ ആഴമില്ലാത്ത ആവേശമാണോ നമുക്കുള്ളത്? ലൗകിക ചിന്തകളുടെയും ധനമോഹത്തിന്റെയും മുള്ളുകൾ വചനത്തെ ശ്വാസംമുട്ടിക്കുന്നു. 'ഞാൻ ഏതുതരം മണ്ണാണ്? ശരിയായ മണ്ണാകാൻ എന്റെ ഹൃദയത്തെ എങ്ങനെ ഒരുക്കാം?' എന്ന ചോദ്യമാണ് ഈ നോമ്പു കാലത്ത് നാം ചോദിക്കേണ്ടത്.

**2. കളകളുടെ ഉപമ – ദൈവത്തിന്റെ ക്ഷമയും വിളവെടുപ്പും (വാക്യങ്ങൾ 24–30)**

നല്ല വിത്തുകൾക്കിടയിൽ ശത്രു വിതയ്ക്കുന്ന കളകളെക്കുറിച്ച് രണ്ടാമത്തെ ഭാഗം മുന്നറിയിപ്പ് നൽകുന്നു. നന്മയും തിന്മയും ഇടകലർന്ന ഈ ലോകത്ത്, തിന്മയെ ഉടനടി നശിപ്പിക്കാൻ തുനിയാതെ വിളവെടുപ്പ് വരെ കാത്തിരിക്കുന്ന യജമാനൻ ദൈവത്തിന്റെ അനന്തമായ ക്ഷമയെയാണ് വെളിപ്പെടുത്തുന്നത്. പാപിക്ക് മാനസാന്തരപ്പെടാൻ ദൈവം സമയം നൽകുന്നു. സഭയിലോ സമൂഹത്തിലോ ഉള്ള പോരായ്മകൾ കണ്ട് നിരാശരാകാതെ, അന്തിമമായ വേർതിരിക്കൽ നടത്തുന്ന ദൈവത്തിൽ വിശ്വസിച്ച് പ്രത്യാശയോടെ നമുക്ക് മുന്നോട്ട് പോകാം.

പ്രാർത്ഥന

ഞങ്ങളുടെ ആത്മീയ വിതക്കാരനായ കർത്താവേ, അങ്ങയുടെ വചനം സ്വീകരിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളെ പാകപ്പെട്ട നല്ല മണ്ണാക്കി മാറ്റണമേ. ലൗകിക മോഹങ്ങളുടെയും ഉത്കണ്ഠകളുടെയും മുള്ളുകൾക്കിടയിൽ വചനം ശ്വാസംമുട്ടിപ്പോകാതെ കാത്തുസൂക്ഷിക്കാൻ ഞങ്ങളെ സഹായിക്കണമേ. തിന്മയുടെ കളകളെ തിരിച്ചറിയാനും അങ്ങയുടെ വിളവെടുപ്പ് കാലം വരെ പ്രത്യാശയോടെ നന്മയിൽ വളരാനും ഞങ്ങൾക്ക് കൃപ നൽകണമേ. ആമേൻ.

**ഏപ്രിൽ മാസത്തെ വചനം : മത്തായി 13:31–43**

## ആദ്യകുർബാന സ്വീകരണം
## 2026 മെയ് 3 ഞായർ, രാവിലെ 9.30 ന്

## പ്രീ-കാന കല്ലേറ്റുംകര PACS



മാർച്ച് 23, 24, 25 – തിങ്കൾ, ചൊവ്വ, ബുധൻ

ഫോൺ : 0480 - 2880878, 8281298782, 9400608804

**പ്രീകാന കോഴ്സിന് രജിസ്ട്രേഷൻ ഫീസ് 1700**
(Including stay), otherwise **1500 രൂപയായിരിക്കും.**

നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെയുണ്ടായിരിക്കും. (ജോഷ്വ 1:9)

# ചൂടേറുന്നു; സൂക്ഷിക്കണം



ജില്ലയിൽ ചൂടേറിവരുന്ന സാഹചര്യത്തിൽ സൂര്യാതപം, നിർജ്ജലീകരണം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾക്കു സാധ്യതയുണ്ടെന്നും ജാഗ്രത പാലിക്കണമെന്നും ആരോഗ്യവകുപ്പ് അറിയിച്ചു.

ശ്രദ്ധിക്കേണ്ട കാര്യങ്ങളിങ്ങനെ:

- രാവിലെ 11 മുതൽ വൈകീട്ട് 3 വരെയുള്ള സമയത്തു തുടർച്ചയായി വെയിൽ കൊള്ളുന്നത് ഒഴിവാക്കുക.
- പരമാവധി ശുദ്ധജലം കുടിക്കുക. ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നതു തുടരുക.
- നിർജ്ജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയവ പകൽ സമയത്ത് ഒഴിവാക്കുക.
- അയഞ്ഞ ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.
- പഴങ്ങളും പച്ചക്കറികളും ധാരാളം കഴിക്കുക. ഒ.ആർ.എസ്. ലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.
- തീപിടിത്തങ്ങൾ വർദ്ധിക്കാൻ സാധ്യത കൂടുതലാണ്. ഫയർ ഓഡിറ്റ് നടത്തേണ്ട സ്ഥാപനങ്ങൾ മുൻകരുതലെടുക്കുക.
- കാട്ടുതീ വ്യാപിക്കാൻ സാധ്യതയുണ്ട്. വനമേഖലയോടു ചേർന്നു താമസിക്കുന്നവരും വിനോദസഞ്ചാരികളും ജാഗ്രത പാലിക്കണം.
- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശുദ്ധമായ കുടിവെള്ളവും ക്ലാസ് മുറികളിൽ വായുസഞ്ചാരവും ഉറപ്പാക്കേണ്ടതാണ്. പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം.
- സ്കൂളിൽ കുട്ടികൾക്കു കൂടുതൽ വെയിലേൽക്കുന്ന അസംബ്ലികളും മറ്റു പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യണം.
- ഇരുചക്രവാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണവിതരണം നടത്തുന്നവർ രാവിലെ 11 മുതൽ വൈകീട്ട് 3 വരെ സുരക്ഷിതരാണെന്ന് അതതു സ്ഥാപനങ്ങൾ ഉറപ്പാക്കണം. ചൂടേൽക്കാതിരിക്കാൻ പറ്റുന്ന രീതിയിലുള്ള വസ്ത്രധാരണത്തിനുള്ള നിർദ്ദേശം നൽകണം.
- നിർമ്മാണ തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ വഴിയോരക്കച്ചവടക്കാർ തുടങ്ങിയവർ ജോലി സമയം പുനഃക്രമീകരിക്കുക.
- ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്തു കെട്ടിയിടുന്നതും ഒഴിവാക്കണം.
- കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല.

ഭയപ്പെടേണ്ട ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു നീ എന്റേതാണ് (ഏശ 43:1)

## ഇടവകയുടെ ആദരം



ചാലക്കുടി ഇടവകയിൽ നിന്നും സ്ഥലം മാറിപ്പോകുന്ന ക്രിസ്റ്റി അച്ചനും, അഖിലച്ചനും ഇടവക കുടുംബത്തിന്റെ ആദരം ആർപ്പിക്കുന്നു.

## നവീകരിച്ച മരിയൻ ഹോമിന്റെ വെഞ്ചിരിപ്പ്

നവീകരിച്ച മരിയൻ ഹോമിന്റെ വെഞ്ചിരിപ്പ് കർമ്മം ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ നിർവ്വഹിക്കുന്നു.



പാരിഷ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പരസ്യങ്ങളും, ലേഖനങ്ങളും, കുടുംബസമ്മേളനം നടക്കുന്ന ഭവനങ്ങളുടെ പേരുകളും അതാത് മാസങ്ങളിൽ 15-ാം തിയ്യതിക്കുള്ളിൽ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.
**പരസ്യങ്ങൾ 15-ാം തിയ്യതിക്കുള്ളിൽ പള്ളി ഓഫീസിൽ നൽകേണ്ടതാണ്.**
**20-ാം തിയ്യതിക്കുശേഷം ലഭിക്കുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിക്കാനുള്ള പേജുകളുടെ ലഭ്യതയനുസരിച്ചേ പരിഗണിക്കുകയുള്ളു.**

പത്രാധിപസമിതി

അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ടവരുടെ മേൽ അവിടുന്നു കരുണയും അനുഗ്രഹവും വർഷിക്കും (ജ്ഞാനം 3:9)

# സ്നേഹസ്മരണയ്ക്ക്

## 10-ാം ചരമവാർഷികം





## പീടികപറമ്പിൽ ജേക്കബ് പോൾ ഭാര്യ

# ത്രേസ്യാമ്മ

ജനനം : 02-08-1949 മരണം : 06-03-2016

കരഞ്ഞുകൊണ്ട് ഞാൻ വന്നപ്പോൾ നിങ്ങൾ എന്നെ ചിരിച്ചുകൊണ്ട് സ്വീകരിച്ചു.
ചിരിച്ചുകൊണ്ട് ഞാൻ മരിച്ചപ്പോൾ നിങ്ങൾ കരഞ്ഞുകൊണ്ട് എന്നെ യാത്രയാക്കി.
ദൈവസന്നിധിയിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ.

പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ

# സ്നേഹസ്മരണയ്ക്ക്



31-ാം ചരമവാർഷികം



**മേയ്ക്കാട്ടുകുളം കല്ലിങ്ങൽ**
**കുഞ്ഞുവറീത്**

## പൗലോസ്

ജനനം : 02 - 08 - 1914
മരണം : 21 - 11 - 1995

8-ാം ചരമവാർഷികം



**മേയ്ക്കാട്ടുകുളം കല്ലിങ്ങൽ**
**പൗലോസ് ഭാര്യ**

## റോസക്കുട്ടി

ജനനം : 20 - 12 - 1926
മരണം : 15 - 09 - 2018





14-ാം ചരമവാർഷികം

**മേയ്ക്കാട്ടുകുളം കല്ലിങ്ങൽ**
**പൗലോസ് മകൻ**

## രാജു

ജനനം: 06. 06. 1951  മരണം: 02. 03. 2012

**കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ മേൽ**
**അവിടുന്ന് കരുണയും അനുഗ്രഹവും വർഷിക്കും.**

# കൂടൊരുക്കാൻ കൂടെയുണ്ട്

## നാലു ഭവനങ്ങൾ വെഞ്ചിരിച്ചു









ചാലക്കുടി സെന്റ് മേരീസ് ഫൊറോന ദേവാലയത്തിലെ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാളിനോടുബന്ധിച്ച് 'കൂടൊരുക്കാൻ കൂടെയുണ്ട്' എന്ന ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി ഭവനരഹിതരായ നാല് കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകി. ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ വീടുകളുടെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു.

വികാരി ഫാ. വർഗ്ഗീസ് പാത്താടൻ, അസി. വികാരിമാരായ ഫാ. ക്രിസ്റ്റി ചിറ്റക്കര, ഫാ. അഖിൽ തണ്ടേ്യക്കൽ, കൈക്കാരന്മാരായ റിജു സെബാസ്റ്റ്യൻ, മനോജ് സെബാസ്റ്റ്യൻ, സുനിൽ ഡേവിഡ്, പോളി മേച്ചേരി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

### വിശുദ്ധ കുർബാന സമയം

സാധാരണ ദിവസങ്ങളിൽ രാവിലെ 6.00, 7.15, വൈകീട്ട് 5.00, രാത്രി 7.00 മണി

ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ 6.00, 7.30, 9.30. വൈകീട്ട് 5.00, രാത്രി 7.00 മണി

**എല്ലാ വി. കുർബാനകൾക്കും സാധാരണഗതിയിൽ കുമ്പസാരിക്കാൻ അവസരം ഉണ്ടായിരിക്കും.**

നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തനാകുന്നു (1 കൊറി 1:9)

# സെന്റ് മേരീസ് എൽ.പി.സ്കൂൾ വാർഷികം



വിജ്ഞാനത്തിന്റെ വെളിച്ചം പകർന്ന് നാടിന്റെ സ്പന്ദനമായി മാറിയ സെന്റ് മേരീസ് എൽ.പി. സ്കൂളിന്റെ 125-ാം വാർഷികാഘോഷവും അദ്ധ്യാപകരക്ഷാകർത്തൃ ദിനവും, 30 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം സർവ്വീസിൽ നിന്നു വിരമിക്കുന്ന പ്രധാനാദ്ധ്യാപിക ശ്രീമതി ലിറ്റിൽ ടീച്ചറുടെ യാത്രയയപ്പും 2026 ഫെബ്രുവരു 18 ബുധനാഴ്ച ഉച്ചതിരിഞ്ഞ് 2.30 ന് സാഘോഷം കൊണ്ടാടി. പ്രാർത്ഥനയോടെ ഔദ്യോഗിക പരിപാടികൾക്ക് തുടക്കം കുറിച്ചു. ശ്രീമതി സജ്ന ടീച്ചർ സ്വാഗതം ആശംസിച്ചു. സ്റ്റാഫ് സെക്രട്ടറി ശ്രീമതി ടി.വി. അഞ്ജു റിപ്പോർട്ട് അവതരിപ്പിച്ചു. സ്കൂൾ മാനേജർ റവറന്റ് ഫാദർ വർഗ്ഗീസ് പാത്താടൻ അവർകൾ അദ്ധ്യക്ഷപദം അലങ്കരിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ആലീസ് ഷിബു ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ഇരിങ്ങാലക്കുട രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി മാനേജർ റവ. ഫാ. സിജോ ഇരിമ്പൻ അനുഗ്രഹ പ്രഭാഷണവും ഫോട്ടോ അനാച്ഛാദനവും ചെയ്തു. സിനി ആർട്ടിസ്റ്റും, സ്റ്റാർമാജിക് താരവുമായ ശ്രീ. മുരളി ചാലക്കുടിയായിരുന്നു വിശിഷ്ടാതിഥി. റവ. ഫാ. ക്രിസ്റ്റി ചിറ്റക്കര, ശ്രീമതി ഹണി പോൾ എന്നിവർ കുട്ടികൾക്കുള്ള എൻഡോവ്മെന്റ് വിതരണവും സമ്മാനദാനവും നടത്തി. അസി. വികാരി റവ. ഫാ. അഖിൽ തണ്ട്യേക്കൽ, വാർഡ് കൗൺസിലർ ശ്രീമതി അൽഫോൻസ ചാക്കോ, റിട്ടയേർഡ് ഹെഡ്മിസ്ട്രസ് ശ്രീമതി റോജ ടീച്ചർ, ട്രസ്റ്റി ശ്രീ. റിജു സെബാസ്റ്റ്യൻ പുതുശ്ശേരി, ഒ.എസ്.എ. പ്രസിഡന്റ് ശ്രീ. ജോബി ആളൂക്കാരൻ, ശ്രീമതി ബബിത ടീച്ചർ, എം.പി.ടി.എ. പ്രസിഡന്റ് ശ്രീമതി ശരണ്യ മിനീഷ്, പി.ടി.എ. പ്രസിഡന്റ് ശ്രീ. രഞ്ജിത്ത്, സ്കൂൾ ലീഡർ മാസ്റ്റർ അലൻ കെ. എൽ. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പൂർവ്വവിദ്യാർത്ഥികൾ പൊന്നാട അണിയിച്ചു. സ്കൂൾ പി.ടി.എ.യും സ്റ്റാഫും ചേർന്ന് ശ്രീമതി ലിറ്റിൽ ടീച്ചർക്ക് ഉപഹാരം സമർപ്പിച്ചു. സെന്റ് മേരീസ് ഫൊറോന ചർച്ച് മാനേജ്മെന്റ് കമ്മിറ്റിയും ടീച്ചർക്ക് ഉപഹാരം സമർപ്പിച്ചു. തുടർന്ന് വിരമിക്കുന്ന പ്രധാനാദ്ധ്യാപിക ശ്രീമതി ലിറ്റിൽ ടീച്ചർ മറുപടി പ്രസംഗം നടത്തി. ഔദ്യോഗിക പരിപാടികൾക്ക് നന്ദി അർപ്പിച്ചത് അദ്ധ്യാപിക ശ്രീമതി സ്റ്റെബിന തങ്കച്ചൻ ആയിരുന്നു. തുടർന്ന് കുട്ടികളുടെ വൈവിധ്യമാർന്ന കലാപരിപാടികൾ വേദിയിൽ അരങ്ങേറി.

രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോട് പ്രാർത്ഥിക്കുക. അവിടുന്ന് നിന്നെ സുഖപ്പെടുത്തും. (പ്രഭാ. 38:9)

## പെസഹാവ്യാഴം ആരാധന സമയം

2026 ഏപ്രിൽ 2

| സമയം | കുടുംബയൂണിറ്റുകൾ | സംഘടനകൾ |
|---|---|---|
| 09.00 am. to 09.30 am. | 1, 2, 3, 4, 5, 6 | വിൻസെന്റ് ഡി പോൾ |
| 09.30 am. to 10.00 am. | 7, 8, 9, 10, 11 | അൾത്താരസംഘം |
| 10.00 am. to 11.00 am. | 12, 13, 14, 15, 16 | മതബോധന അദ്ധ്യാപകർ |
| 11.00 am. to 12.00 Noon. | 17, 18, 19, 20, 21 | മാതൃസംഘം |
| 12.00 Noon. to 01.00 pm. | 22, 23, 24, 25, 26 | ഫ്രാൻസിസ്കൻ അൽമായസഭ, A.K.C.C. |
| 01.00 pm. to 02.00 pm. | 27, 28, 29, 30, 31 | കുടുംബസമ്മേളന കേന്ദ്രസമിതി |
| 02.00 pm. to 03.00 pm. | 32, 33, 34, 35, 36 | ദർശനസഭ |
| 03.00 pm. to 04.00 pm. | 37, 38, 39, 40, 41 | ജീസ്സസ് യൂത്ത്, സി. വൈ. എം., സി. എൽ. സി. |
| 04.00 pm. to 05.00 pm. | 42, 43, 44, 45, 46 | പാരീഷ് ബുള്ളറ്റിൻ കമ്മിറ്റി |
| 05.00 pm. to 06.00 pm. | 47, 48, 49, 50, 51, 52 | സീനിയർ സിറ്റിസൺ, പ്രാർത്ഥനാഗ്രൂപ്പ് |
| 06.00 pm. to 07.00 pm. | 53, 54, 55, 56, 57, 58<br>59,60,61,62,63,64 | പള്ളി പ്രതിനിധിയോഗാംഗങ്ങൾ |

**രാത്രി 7 മണിമുതൽ 8 മണിവരെ പൊതു ആരാധന**

ഫാ. വർഗ്ഗീസ് പാത്താടൻ, വികാരി

# കനകമല പദയാത്ര



2026 മാർച്ച് 22-ാം തിയ്യതി
ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3.30 ന്
ദേവാലയത്തിൽ നിന്ന് കനകമല
കുരിശുമുടിയിലേക്ക്

**ആത്മീയ ശാന്തിയാത്ര**


സംഘടിപ്പിക്കുന്നു. നമ്മുടെ ഭവനങ്ങളിൽനിന്ന് കുറഞ്ഞത് ഒരാളെങ്കിലും പരിത്യാഗയാത്രയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തിരിച്ചുവരുന്നതിനുള്ള യാത്രാസൗകര്യം ഒരുക്കുന്നതാണ്.

അശുദ്ധിയിലേയ്ക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് (1 തെസ 4:7)

## വിൻസന്റ് ഡി പോൾ സൊസൈറ്റി ഭാരവാഹികൾ



പ്രസിഡന്റ്
**ജോസ് മേനാച്ചേരി**



സെക്രട്ടറി
**തോമസ് വടക്കൻ**



ട്രഷറർ
**തോമസ് ആലേങ്ങാട്ടുകാരൻ**

## സ്നേഹസംഗമം 2026



കുടുംബവർഷത്തിൽ യുവ ദമ്പതികളുടെ പ്രതിനിധികൾക്ക് വേണ്ടി ഫെബ്രുവരി 22 ഞായറാഴ്ച, കല്ലേറ്റുങ്കര പാക്സിൽ വച്ച് നടത്തിയ 'സ്നേഹസംഗമം 2026' എന്ന രൂപതാതല പരിപാടിയിലെ ഇൻ്ററാക്ഷൻ സെക്ഷനിൽ സമ്മാനാർഹരായ, ചാലക്കുടി ഇടവകയിലെ യൂത്ത് കപ്പിൾസിനെ പ്രതിനിധീകരിച്ചുകൊണ്ട് പങ്കെടുത്ത യൂണിറ്റ് 44 ലെ തേവലപ്പിള്ളി വർഗീസ് ഫെബിൻ - ജെസ്ന ഫെബിൻ യൂത്ത് ദമ്പതികൾ, ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ പിതാവിൽ നിന്നും സമ്മാനം ഏറ്റുവാങ്ങുന്നു. ഫെബിനും ജെസ്നയ്ക്കും ഇടവകയുടെ അഭിനന്ദനങ്ങൾ...

## 2026 ഭവന സന്ദർശനവും വീട് വെഞ്ചിരിപ്പും

ഈ വർഷത്തെ 64 കുടുംബയൂണിറ്റുകളിലെ വീടുകളിൽ ബഹു. വൈദീകരുടെ ഭവന സന്ദർശനവും വീട് വെഞ്ചിരിപ്പും ഏപ്രിൽ 6-ാം തിയ്യതി (തിങ്കളാഴ്ച) മുതൽ ആരംഭിക്കുന്നു. നമുക്കും നമ്മളിൽ നിന്ന് വേർപിരിഞ്ഞ് നിത്യതയിലേക്ക് വിളിക്കപ്പെട്ടവർക്കും ദൈവകരുണ ലഭിക്കുന്നതിനുവേണ്ടി അന്നേ ദിവസം വൈദീകർ പ്രത്യേകമായി പ്രാർത്ഥിക്കുന്നതായിരിക്കും. കുടുംബസമ്മേളന കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന ഒരുക്കങ്ങൾ യൂണിറ്റ് ഭാരവാഹികളെ അറിയിക്കുന്നതനുസരിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തി സഹകരിക്കുമല്ലോ.

കേൾക്കുന്നതിൽ ജാഗ്രതയും മറുപടി പറയുന്നതിൽ അവധാനവും കാട്ടുക (പ്രഭാ 5:11)


സ്നേഹസ്മരണയ്ക്ക്
9-ാം ചരമവാർഷികം
മാളിയേക്കൽ ചെതലൻ
ഫ്രാൻസിസ്
ജനനം: 16.11.1947
മരണം: 16.03.2017
'നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും ഓർക്കണമേ'
ഒത്തിരി സ്നേഹത്തോടെ കുടുംബാംഗങ്ങൾ

# സ്നേഹസ്മരണയ്ക്ക്

## സ്വർഗ്ഗത്തിൽ 8–ാം പിറന്നാൾ

## 26–03–2026



# എം. ഡി. ഔസേപ്പ്

## മാങ്ങൻ ഹൗസ്, ചാലക്കുടി

ജനനം : 12–07–1935 മരണം : 26–03–2018

"ദൂതസംഘമാകെ എന്നെ എതിരേൽക്കുവാൻ സദാ സന്നദ്ധരായ് നിന്നിടുന്നേ,
ശുഭ്ര വസ്ത്രധാരിയായ് എന്റെ പ്രിയന്റെ മുന്നിൽ ഹല്ലേലൂയ പാടിടും ഞാൻ"

## വചന സന്ദേശയാത്രയ്ക്ക് സ്വീകരണം




കെ.സി.ബി.സി. കരിസ്മാറ്റിക്ക് മുവ്മെന്റിന്റെ വചന സന്ദേശയാത്രയ്ക്ക് ചാലക്കുടിയിൽ സ്വീകരണം നൽകി

---

# വചനം തിരുവചനം 2026

### മത്സര പരീക്ഷ

**പഠന പുസ്തകങ്ങൾ : കാതോലിക ലേഖനങ്ങൾ, വെളിപാട്, ഏശയ്യ**

ഏപ്രിൽ 26 ന് മുമ്പായി ഇടവക തലത്തിൽ പരീക്ഷകൾ നടത്തി, ഓരോ വിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവരുടെ പേരുകൾ മെയ് 10 ന് മുമ്പ് ബൈബിൾ അപ്പസ്തോലറ്റിന്റെ ഓഫീസിൽ അറിയിക്കേണ്ടതാണ്.

## രൂപത തല പരീക്ഷ : മെയ് 17



A വിഭാഗം: 1- 4 വിദ്യാർത്ഥികൾ (ചോദ്യപരീക്ഷ)

B വിഭാഗം: 5- 7 വരെയുള്ള വിദ്യാർത്ഥികൾ
C വിഭാഗം: 8- 12 വരെയുള്ള വിദ്യാർത്ഥികൾ
D വിഭാഗം: 18- 30 വയസ്സുവരെ
E വിഭാഗം: 31- 50 വയസ്സുവരെ
F വിഭാഗം: 51- 70 വയസ്സുവരെ
G വിഭാഗം : 71 വയസ്സിനു മുകളിൽ

A വിഭാഗത്തിലുള്ള കുട്ടികൾക്ക് ഇടവക തലത്തിലുള്ള പരീക്ഷ മാത്രമേ ഉണ്ടാകൂ.

**വിജയികൾക്ക് ഫൊറോന തലത്തിലും രൂപത തലത്തിലും ആകർഷകമായ സമ്മാനങ്ങൾ**

**പഠിക്കുവാനുള്ള വചനങ്ങൾ അടങ്ങിയ പി.ഡി.എഫ്. ഫയൽ ഫെബ്രുവരി 15 ന് നൽകുന്നതാണ്. പി.ഡി.എഫ്. ഫയലിലെ വചനങ്ങളാണ് പരീക്ഷയ്ക്ക് എഴുതേണ്ടത്.**

എന്റെ മകനേ നീ കർത്തൃശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിക്കൊള്ളുക (പ്രഭാ 2:1)



2026 ഫെബ്രുവരി മാസം വിവാഹവാർഷികം ആഘോഷിച്ചവർ



2025–26 മതബോധനം പന്ത്രണ്ടാം ക്ലാസ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾ

കേൾക്കുന്നതിൽ ജാഗ്രതയും മറുപടി പറയുന്നതിൽ അവധാനവും കാട്ടുക (പ്രഭാ 5:11)

## പുഞ്ചിരികൾ

| ജനനം | | മാമ്മോദീസ |
|---|---|---|
| 24/09/24 | തോപ്പിൽ ആന്റണി മാത്യു തോപ്പിൽ - ഹണി മകൻ **നോഹ** | 27/12/25 |
| 05/11/25 | കുരിശുപറമ്പിൽ ഷരുൺ പോൾ - അൻസ മകൻ **ഐവാൻ പോൾ** | 17/01/26 |
| 31/03/25 | നായത്തോടൻ അഖിൽ ജോർജ്ജ് - ടെറിൻ മോൾ മകൾ **എസ്സ** | 05/01/26 |
| 05/10/25 | മാനാടൻ സോണൽ - ടാനിയ മകൻ **സാക്** | 28/12/25 |
| 19/06/24 | തൂക്കുപറമ്പിൽ സിജോ ടി.ജെ. - മഞ്ജു ജേക്കബ് മകൻ **ആർവിൻ ജോൺ** | 31/01/26 |
| 14/11/24 | പുതുശ്ശേരി കാട്ടാളൻ ജോളി ജോർജ്ജ് - റൈന മകൾ **അമീലിയ റൈന** | 01/02/26 |
| 27/10/25 | കൈതാരത്ത് മണപ്പുറം റിജോയ് പോൾ - അനു മകൾ **ഹെയ്സൽ** | 28/12/25 |
| 29/09/25 | പുതുശ്ശേരി കാട്ടാളൻ ഡോൺ ഡേവിഡ് - നീപമോൾ മകൻ **റൂവൻ** | 24/01/26 |

## കുടുംബദീപങ്ങൾ

| | വിവാഹം |
|---|---|
| ചാലക്കുടി, വളപ്പി പോൾ വി.എ. - മേഴ്സി മകൾ **ടീന**<br>മണ്ണാറപ്പാറ, കുടിലിൽ, മാത്യു സേവ്യർ - റോസിലി മകൻ **ബഞ്ചമിൻ** | 07/01/2026 |
| ചാലക്കുടി, പെരുംപുള്ളി, ജോസഫ് - സ്റ്റെല്ല മകൾ **സ്റ്റെഫി**<br>പെരിന്തൽമണ്ണ, കൂത്രപ്പള്ളി എൽ.എം. ലൂക്കോസ് ബീന മകൻ **ജൂഡ്** | 05/01/2026 |
| ചാലക്കുടി, പുളിക്കൻ ടോണി - മേഴ്സി മകൾ **ആരതി**<br>കാക്കുളിശ്ശേരി, മുളയ്ക്കാംപിള്ളി ദേവസ്സി - മേരി മകൻ **ഡിനിൽ** | 31/01/2026 |
| ചാലക്കുടി, മാളക്കാരൻ ഡേവിസ് - പ്രിൻസി മകൾ **ഡിജി**<br>പുളിപറമ്പ്, പഞ്ഞിക്കാരൻ ലോനപ്പൻ - റോസിലി മകൻ **റിപ്സൺ** | 18/01/2026 |
| ചാലക്കുടി, പുല്ലൻ ജോയ് - ഡിജി മകൾ **ജാനിൻ റോസ്**<br>ആളൂർ പയ്യപ്പിള്ളി തോട്ടാൻ, ഡേവിസ് പി.ജെ. - കാതറിൻ മകൻ **ഷാരോൺ** | 19/01/2026 |
| ചാലക്കുടി, കുരിയപറമ്പിൽ ഷാബു - സന്ധ്യ മകൾ **മേഘ**<br>തത്തംപള്ളി, കണ്ടത്തിൽ ഷാജി ജോസഫ് - റോസമ്മ മകൻ **ആൽവിൻ** | 14/01/2026 |

## സ്വർഗ്ഗീയദീപങ്ങൾ

| | മരണം |
|---|---|
| പുതുശ്ശേരി കാട്ടാളൻ ചാക്കോ ഭാര്യ **റോസി** (യൂണിറ്റ് 63) | 04/12/2025 |
| തൃക്കൂക്കാരൻ മാഞ്ഞൂരാൻ മാത്യു **ജോൺ** (യൂണിറ്റ് 18) | 10/12/2025 |
| മാളക്കാരൻ അന്തോണി **സെബാസ്റ്റ്യൻ** (യൂണിറ്റ് 12) | 15/12/2025 |
| മേച്ചേരി ദേവസ്സിക്കുട്ടി **അന്നം** (യൂണിറ്റ് 33) | 22/12/2025 |
| പുതുശ്ശേരി കാട്ടാളൻ ഔസേപ്പ് **റോസി** (യൂണിറ്റ് 63) | 29/12/2025 |
| തേവലപ്പിള്ളി ജേക്കബ് **പോൾസൺ** (യൂണിറ്റ് 44) | 05/01/2026 |
| പാലയ്ക്കൽ ദേവസ്സി **അമ്മിണി** (യൂണിറ്റ് 40) | 07/01/2026 |
| കുരിശുപറമ്പിൽ വർഗ്ഗീസ് **പോൾ** (യൂണിറ്റ് 16) | 08/01/2026 |
| പീടികപറമ്പിൽ ജേക്കബ് **പോൾ** (യൂണിറ്റ് 20) | 17/01/2026 |
| ഊക്കൻ അന്തോണി **ജോഷി** (യൂണിറ്റ് 9) | 22/01/2026 |
| അറയ്ക്കൽ പുതുക്കാട്ടുകാരൻ ലോനപ്പൻ **ഔസേപ്പ്** (യൂണിറ്റ് 9) | 25/01/2026 |
| ലെക്കേകിൽ വർക്കി **സണ്ണി** (യൂണിറ്റ് 53) | 01/02/2026 |
| കണിച്ചായി അന്തോണി **ചാക്കപ്പൻ** (യൂണിറ്റ് 36) | 01/02/2026 |
| പെരേപ്പാടൻ ചാക്കപ്പൻ **രാജു** (യൂണിറ്റ് 13) | 14/02/2026 |
| പല്ലൻ പൈലൻ **ബാബു** (യൂണിറ്റ് 18) | 15/02/2026 |
| കിഴക്കുംതല കുഞ്ഞിചെറിയ **ജോർജ്ജ്** (യൂണിറ്റ് 51) | 21/01/2026 |
| പുത്തനങ്ങാടി ഇട്ടീര **നിവാസ്** (യൂണിറ്റ് 18) | 22/02/2026 |
| വളവ് ദേവസ്സി **ജോർജ്ജ്** (യൂണിറ്റ് 40) | 23/02/2026 |
| ചക്കാലമറ്റത്ത് വളപ്പി ആന്റണി **ആനി** (യൂണിറ്റ് 56) | 24/02/2026 |

പാപിയുടെ പതനത്തിന് കാരണം അവന്റെ ചുണ്ടുകളാണ് (പ്രഭാ 23:8) കമ്പം

# കുടുംബകൂട്ടായ്മകൾ മാർച്ച് മാസം

| | യൂണിറ്റ് നമ്പർ | സമയം | പേര് | കുടുംബകൂട്ടായ്മ നടക്കുന്ന ഭവനം |
|---|---|---|---|---|
| ഒന്നാം മേഖല | 01 | 3.00 | ഇൻഫന്റ് ജീസസ് | വാച്ചാലുക്കൽ അന്തോണി എൽസി |
| | 02 | 3.30 | സെ. ജോൺ | ഞർലേലി വർഗ്ഗീസ് |
| | 03 | 4.00 | സെ. പാദ്രേ പിയോ | തുക്കുപറമ്പിൽ പൈലി ജോണി |
| | 04 | 4.30 | സെ. ആൻഡ്രൂസ് | സോജ് വാച്ചാലുക്കൽ |
| | 05 | 5.00 | ഹോളി ട്രിനിറ്റി | ജിബിൻ ആന്റു തീതായി |
| | 06 | 5.00 | വി. മറിയം ത്രേസ്യ | തോമസ് ഡി. കല്ലേലി |
| | 07 | 4.30 | സെ. ഡൊമിനിക് സാവിയോ | ഊക്കൻ ചെറിയാൻ ഷോണിലാൽ |
| | 08 | 4.00 | സെ. ഡോൺബോസ്കോ | പുല്ലൂക്കര വറീത് ജോയ് |
| | 09 | 3.30 | സേക്രട്ട് ഹാർട്ട് | കണ്ണമ്പുഴ ജോസഫ് പോൾ |
| | 10 | 3.00 | സെ. സ്റ്റീഫൻ | |
| | 11 | 3.00 | ഡോളേഴ്സ് | തെറ്റയിൽ വിൽസൻ |
| | 12 | 3.30 | അസംപ്ഷൻ | നമ്പാടൻ കുരിയപ്പൻ ജിജോ |
| | 13 | 4.00 | മേരി ഇമ്മാക്കുലേറ്റ് | വാഴപ്പിള്ളി ഡേവിസ് |
| | 14 | 4.30 | സെ. ജൂഡ് | |
| | 15 | 5.00 | മഡോണ | ചിറമ്മൽ മുല്ലഞ്ചാടൻ കൊച്ചുവറീത് തോമസ് |
| രണ്ടാം മേഖല | 16 | 3.00 | ലിറ്റിൽ ഫ്ളവർ | വടക്കുംഞ്ചേരി ഐനിക്കാടൻ അന്തോണി പൗലോസ് |
| | 17 | 3.30 | ഹോളി എയ്ഞ്ചൽ | പെരേപ്പാടൻ ഫ്രാൻസിസ് |
| | 18 | 4.00 | സെ. സേവ്യർ | ചിറയത്ത് ജേക്കബ് കുരിയാക്കോസ് |
| | 19 | 3.00 | സെ. ജോൺപോൾ രണ്ടാമൻ | മണപ്പുറം ജോർജ്ജ് ജിൻസൻ |
| | 20 | 3.30 | സെ. ജെയിംസ് | തെക്കൻ ദേവസിക്കുട്ടി റോസി |
| | 21 | 4.00 | സെ. ജോൺ മരിയ വിയാനി | കാഞ്ഞിരത്തിങ്കൽ ഡേവീസ് ജോസ് |
| | 22 | 4.30 | സെ. തെരേസ | മേനാച്ചേരി തോമസ് സിജോ |
| | 23 | 5.00 | സെ. വിൻസെന്റ് ഡി പോൾ | |
| | 24 | 5.00 | സെ. പീറ്റർ | കണ്ണമ്പുഴ തോമസ് അന്നു |
| | 25 | 3.00 | സെ. മാർട്ടിൻ | പുതുശ്ശേരി ജോൺ മേരി |
| | 26 | 4.30 | സെ. മാർക്ക് | ചിറപ്പണത്ത് ബിജു |
| | 27 | 3.30 | സെ. സെബാസ്റ്റ്യൻ | പെരിഞ്ചാടൻ ആന്റു |
| | 28 | 4.00 | സെ. തോമസ് | ചിറയത്ത് മുണ്ടമാണി ജോസഫ് ജോയ് |
| | 29 | 4.30 | സെ. അൽഫോൻസ | തുക്കുപറമ്പിൽ തോമസ് ലില്ലി |
| | 30 | 5.00 | സെ. പോൾ | കുരിശിങ്കൽ തോമസ് ഡേവിഡ് |
| മൂന്നാം മേഖല | 31 | 3.00 | ഹോളി ക്രോസ് | മേച്ചേരി ബിജു |
| | 32 | 3.30 | സെ. ജോസഫ് | മേച്ചേരി ദേവസി |
| | 33 | 4.00 | സെ. ലൂക്ക് | ആലേങ്ങാട്ടുകാരൻ തോമസ് |
| | 34 | 4.30 | സെ. മാത്യു | കല്ലേലി കുഞ്ഞിപ്പാലു ജോയ് |
| | 35 | 3.30 | സെ. ബനഡിക്ട് | ആലേങ്ങാട്ടുകാരൻ വിൽസൻ |
| | 36 | 4.00 | സെ. ക്ലയർ | പുതുശ്ശേരി കാട്ടാളൻ ജോൺസൺ ഷെർളി |
| | 37 | 4.30 | സെ. കാതറിൻ | |
| | 38 | 5.00 | സെ. ആഗ്നസ് | |
| | 39 | 3.30 | സെ. ആൻസ് | അറയ്ക്കൽ മാളക്കാരൻ വർഗ്ഗീസ് വില്യംസ് |
| | 40 | 3.00 | സെ. തോമസ് മൂർ | പനയ്ക്കൽ ജോർജ്ജ് ലില്ലി |
| | 41 | 3.00 | സെ. ബർക്കുമെൻസ് | പണേക്കാടൻ പോൾ |
| | 42 | 3.30 | സെ. ബർണാർഡ് | അറയ്ക്കൽ മാളക്കാരൻ സാജു |
| | 43 | 4.00 | സെ. ആന്റണീസ് | കോച്ചേരി വിൻസെന്റ് |
| | 44 | 6.00 | സെ. അഫ്രേം | കല്ലൂക്കാരൻ വർഗ്ഗീസ് ജോസ് |
| | 45 | 5.00 | ഗുഡ് ഷെപ്പേർഡ് | കോന്നൂപറമ്പൻ പൈലൻ വർഗ്ഗീസ് |
| നാലാം മേഖല | 46 | 3.00 | സെ. മേരീസ് | കുളങ്ങര ഡേവിസ് ജോസ് |
| | 47 | 3.30 | സെ. ഫ്രാൻസിസ് അസ്സീസി | കല്ലേലി കുഞ്ഞിപൈലൻ ജോയ് |
| | 48 | 4.00 | ഫാത്തിമ മാതാ | തത്തംപിള്ളി ജോസ് |
| | 49 | 3.00 | ഹോളി ഫാമിലി | ഷെന്നി ജോസഫ് പയ്യപ്പിള്ളി |
| | 50 | 3.30 | സെ. കുര്യാക്കോസ് ഏലിയാസ് | മേയ്ക്കാട്ടുപറമ്പിൽ വർക്കി ജോസ് |
| | 51 | 4.00 | സെ. മൈക്കിൾ | കോയിക്കര പോൾ ജോയ് |
| | 52 | 4.30 | സെ. അഗസ്റ്റിൻ | തോമസ് കല്ലിങ്ങൽ |
| | 53 | 5.00 | സെ റാഫേൽ | ബിനു മൽപാൻ |
| | 54 | 5.00 | സെ. ബേസിൽ | ലൂസി പൗലോസ് മാഞ്ഞൂരാൻ |
| | 55 | 3.00 | സെ. എവുപ്രാസ്യ | തൊറാമ്പിള്ളി പാക്രത്ത് ജോസഫ് മേരി |
| | 56 | 3.30 | സെ. ലൂയിസ് | |
| | 57 | 4.00 | സെ. പയസ് X | വളപ്പി ആഗസ്തി പോൾ |
| | 58 | 4.30 | സെ. ജെസ്റ്റിൻ | |
| | 59 | 4.30 | ലൂർദ് മാതാ | പുതുശ്ശേരി കാട്ടാളൻ വറീത് പോൾ |
| | 60 | 4.00 | സെ. ക്രിസ്റ്റഫർ | |
| | 61 | 5.00 | വി. മദർ തെരേസ | പുതുശ്ശേരി കാട്ടാളൻ ദേവസി |
| | 62 | 4.00 | സെ. ഡാമിയൻ | പുതുശ്ശേരി കാട്ടാളൻ ബേബി ജോർജ്ജ് |
| | 63 | 4.30 | സെ. മിഖായേൽ | ജോൺസൺ ഏലവുത്തിങ്കൽ |
| | 64 | 5.30 | സെ. വാലന്റൈൻ | |




Chungath
Jewellery
WHOLESALE & RETAIL

MAIN ROAD, CHALAKUDY
Ph: 94476 44175

OPEN ON SUNDAYS
**Shop Online** @www.mychungath.com

PALACE ROAD-THRISSUR, M.G. ROAD - THRISSUR, IRINJALAKUDA, PERUMBAVOOR


68 Years
CELEBRATIONS
UKKENS
Since 1957
UKKENS CURTAINS & FURNISHING
Ukkens Shopping Complex CHALAKUDY
Tel : 0480 2707671, 9846206862
THRISSUR | CHOVOOR | ANGAMALY | ALUVA
KINGS FURNITURE COMPANY
Ukkens Shopping Complex CHALAKUDY
Tel : 9947281604, 0480 2708954
ANGAMALY | ALUVA
RANI GLASS & PLYWOODS
Ukkens Shopping Complex CHALAKUDY
Tel : 0480 2702081, 9388567260
UKKENS BUILDALL
TILES & SANITARY
Ukkens Shopping Complex, Main Road Chalakudy.
Ph : 0480 - 2707671, 2702081, 2701106
UKKENS PAINTS & COLOURS
Ukkens Shopping Complex CHALAKUDY
Tel : 9947281603, 9544857711, 0480 2701106
THRISSUR | CHOVOOR | KARUKUTTY